പുസ്തകം ൧൨. ലക്കം ൧൧.

കന്യകാനാഥ.

The Flower of Carmel



പ്രതിമാസ പത്രിക.

November 1914.

സംഗതി വിവരം.

I. നമ്മുടെ മരിച്ചവർ.
II. സുവിശേഷവിവരണം.
III. ദേശവിധി.
IV. വിശുദ്ധകുമ്പാനയും ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കളും.
V. വിശ്വാസത്തിന്റെ തൊടുവരാത്ത മട്ടം.
VI. തിരുസഭാചരിത്രസംഗ്രഹം.
VII. ബി. അൽഫോൻസു ദെ ലിഗൊരിയുസിന്റെ ജീവചരിത്രം.
VIII. റോജർ ബെക്കൺ.
IX. പുതിയ ടെക്കുത്തു്.
X. തിരുഹൃദയഭക്തന്മാർ ഹർമ്മ വൃശ്ചികമാസത്തിൽ ചെയ്കേണ്ട പൊതുകാര്യങ്ങൾ.
XI. ലോകവർത്തമാനച്ചുരുക്കം.

നോട്ടീസ്

ആണ്ടൊന്നുക്കു തഫാൽകുലി ഉർപടെ ബ്രിട്ടീഷ് രൂപ ൪.


യാതൊരുത്തൻ ൫ പേരെ പത്രവരിക്കാരായി ചേർത്തു് പേരയക്കയും സ്വന്തമേൽ വിലാസത്തിൽ പത്രങ്ങളെല്ലാം ഏറ്റുവാങ്ങിച്ചുകൊടുക്കയും പത്രവരിപിരിച്ചു മന്നാകെ അടയ്ക്കുകയും ചെയ്യുന്നതായാൽ അയാൾക്കു് ൧-ാമതെത്ത പത്രം സൌജന്യമായി കൊടുക്കപ്പെടും.

"കർമ്മലകുസുമം" മാനേജർ,

Mannanam. മാന്നാനം.

മാസികവരിക്കാരായി ചേരുവാൻ ആഗ്രഹിക്കുന്നവർ മുൻകൂർ പണമയച്ചു് അപേക്ഷിക്കയോ അല്ലെങ്കിൽ മാസിക വി. പി. ആയി അയക്കുവാൻ പ്രത്യേകം ആവശ്യപ്പെടുകയോ ചെയ്യണം. പണമടയ്ക്കാതെ മാസികയ്ക്കു് ആവശ്യപ്പെടുന്നവർക്കെല്ലാം സാധാരണ വി. പി. ആയി മാത്രമെ അയക്കയുള്ളൂ. മാസിക വരി അടച്ചിട്ടുള്ളതിന്റെ കാലാവധി കഴിഞ്ഞാൽ പിന്നെയുള്ള മാസികയും മുറയ്ക്കു് ഇവിടെനിന്നും വി. പി. ആയി അയക്കപ്പെടും. മേൽപറഞ്ഞ രണ്ടു സംഗതികളിലും വി. പി. അയക്കുന്നതിൽ വിരോധമുള്ളവർ വിവരം മുൻകൂട്ടി അറിയിച്ചിരിക്കേണ്ടതാകുന്നു.

മാനേജർ.



പുസ്തകം ൧൨) ഫെബ്രുവരി നവംബർ (ലക്കം ൧൧.

നമ്മുടെ മരിച്ചവർ.

മരിച്ചവർ പാപമോചനം പ്രാപിപ്പാൻവേണ്ടി പ്രാർത്ഥിക്കുന്നതു് വിശുദ്ധമായുള്ളതും രക്ഷാകരമായുള്ളതും ആയ വിചാരമാകുന്നു. (മക്ക്ബാ, ൧൨. ൪൬.)

വ്യക്തികമായും ശുദ്ധീകരണസ്ഥലത്തിൽ കഷ്ടത അനുഭവിക്കുന്നവരായ നമ്മുടെ മരിച്ചവരെ ഓർക്കുന്നതിനും അവരെ സഹായിക്കുന്നതിനും ആയി നിശ്ചയിക്കപ്പെട്ട മാസമായിരിക്കയാൽ ഇവരെപ്പറ്റി രണ്ടുവാക്കു പറയുന്നതു കാലോചിതമാകുന്നു എന്നു വിചാരിക്കുന്നു.

ഇഹലോകത്തെ വിട്ടുപിരിയുന്ന ആത്മാക്കൾ പൂർണ്ണമായി പാപരഹിതന്മാരായിരുന്നാൽ ഉടനെ സ്വർഗ്ഗത്തിൽ സ്വീകരിക്കപ്പെടുന്നു എന്നും, അവർ ചാവുദോഷമായ ഗുരുതരങ്ങളായ പാപങ്ങളോടുകൂടിയിരുന്നാൽ മരണശേഷം തൽക്ഷണം നരകത്തിൽ തള്ളപ്പെടുന്നു എന്നും, എന്നാൽ അവർ അല്പപാപങ്ങളോടുകൂടിയോ, അല്ലെങ്കിൽ ക്ഷമിക്കപ്പെട്ട ചാവുദോഷങ്ങൾക്കുള്ള കുലശിക്ഷയോടുകൂടിയോ ഇരുന്നാൽ സ്വർഗ്ഗത്തിനും നരകത്തിനും മദ്ധ്യസ്ഥലമായ ശുദ്ധീകരണസ്ഥലത്തിൽ പൂർണ്ണ ആത്മശുദ്ധീകരണത്തിനായി താമസിപ്പിക്കപ്പെടുന്നു എന്നും കത്തോലിക്കാവിശ്വാസം പഠിപ്പിക്കുന്നു. ഒടുവിൽ പറഞ്ഞ ഈ വിശ്വാസത്തിനു മക്ക്ബായക്കാരുടെ രണ്ടാംപുസ്തകം ൧൨–ാം അദ്ധ്യായത്തിൽനിന്നു ഉദ്ധരിക്കപ്പെട്ടിട്ടുള്ള പ്രസ്താവസാക്ഷ്യം അടിസ്ഥാനമാകുന്നു. മരിച്ചവർക്കു നമ്മുടെ പ്രാർത്ഥനകൾ മൂലം പാപമോചനവും ആത്മശുദ്ധീകരണവും ലഭിക്കുന്ന സ്ഥലത്തെയാകുന്നു ബൈസ്സുക്കാനാ എന്നും ശുദ്ധീകരണസ്ഥലമെന്നും നാം പറയുന്നതു്. മക്ക്ബായക്കാരുടെ ൨–ാംപുസ്തകം പ്രസ്താവ അദ്ധ്യായത്തിൽതന്നെ മക്കബായക്കാരൻ യൂദാ യുദ്ധത്തിൽ മരിച്ചവർക്കുവേണ്ടി പൂജ സമർപ്പിപ്പാനായി പന്തിരായിരം വെള്ളിപ്പണം ഓർശ്ലേമ്മിലേക്കു കൊടുത്തയച്ചു എന്നും പറയപ്പെട്ടിരിക്കുന്നു. ഇതിനാൽ യൂദസഭയുടെ ആചാരങ്ങളും ഇതു സംബന്ധിച്ചുള്ള വിശ്വാസവും സ്പഷ്ടമാകുന്നു. യൂദസഭയുടെ അനാചാരങ്ങളേയും മൂഢവിശ്വാസത്തേയും നിരാകരിച്ചും ആക്ഷേപിച്ചും വന്ന മിശിഹായും അവിടത്തെ ശിഷ്യന്മാരും അവരുടെ വിശ്വാസത്തെ ആദരപൂർവ്വം അംഗീകരിച്ചതായി പുതിയ നിയമം വ്യക്തമായി സാക്ഷിക്കുന്നു. മിശിഹാ പറയുന്നതായതു്:– പരിശുദ്ധാത്മാവിനു വിരോധമായി സംസാരിക്കുന്നവനോടു ഒരു ലോകത്തിലാവട്ടെ, പരലോകത്തിലാവട്ടെ ക്ഷമിക്കപ്പെടുകയില്ല. ആകയാൽ ചില പാപങ്ങൾക്കു ക്ഷമകിട്ടുന്നവേറെ ലോകമുണ്ടെന്നു സ്പഷ്ടമായി കാണിക്കുന്നു. മറ്റൊരു സ്ഥലത്തിൽ അരുളുന്ന ശുദ്ധീകരണസ്ഥലത്തെ ഒരു കാരാഗൃഹത്തോടു ഉപമിച്ചുകൊണ്ടു പറയുന്നതായതു്: നീ അവസാനകാശു വീട്ടുന്നതുവരെ അവിടെനിന്നു പുറപ്പെടുകയില്ലെന്നു സത്യമായി ഞാൻ നിന്നോടു പറയുന്നു. (മത്താ. ൫. ൨൬). വി. പൌലോസ് ഒരു പാപശുദ്ധീകരണത്തിയാൽ രക്ഷപ്രാപിക്കുന്നവരെ സംബന്ധിച്ചു ഇപ്രകാരം പറയുന്നു: അനേകർ രക്ഷിക്കപ്പെട്ട എങ്കിലും അതു തീമൂലം എപ്പ

കാരമൊ അപ്രകാരമാകുന്നു. (മ. ക്രി. ൽ. ൪൭). ആദ്യകാലംമുതലുള്ള കത്തോലിക്കാ സഭയുടെ ആചാരങ്ങളും പ്രാർത്ഥനകളും ശുദ്ധീകരണസ്ഥലത്തെപ്പറ്റിയുള്ള വിശ്വാസത്തെ സ്ഥിരീകരിക്കുന്നു. ഒന്നാം നൂറ്റാണ്ടിൽ ഉത്ഭവിച്ച പ്രൊട്ടസ്റ്റണ്ടു സഭയുടെ ചില ശാഖക്കാരെ ഒഴിച്ചാൽ പൂർവ്വപശ്ചിമ സഭകളുടെ എല്ലാ പൂർവികർമ്പാനപുസ്തകങ്ങളും മരിച്ചവരെക്കുറിച്ചുള്ള പ്രാർത്ഥനകളെ സാക്ഷിക്കുന്നു. പ്രത്യേകം പൂർവ്വസഭകളിൽ ഉപയോഗിക്കപ്പെടുന്ന ശേഷക്രിയാസംബന്ധമായ ജപപ്പുസ്തകങ്ങളിൽ മരിച്ചവരുടെ ആശ്വാസത്തിന്നായി ഹൃദയംഗമങ്ങളായ ഏറിയ പ്രാർത്ഥനകളും ഗീതങ്ങളും അടങ്ങിയിരിക്കുന്നു.

സഭയുടെ പൂർവ്വപിതാക്കന്മാർ ഇതരം ആചാരത്തെ വളരെ സ്തുതിച്ചുപറയുന്നു. ക്രിസ്ത്യാനികൾ സഭയുടെ ആരംഭകാലംമുതൽ ശ്ലീഹന്മാരുടെ ആജ്ഞാനുസരണം വിശുദ്ധ കുർബ്ബാനയുടെ സമയത്തു മരിച്ചവർക്കുവേണ്ടി പ്രാർത്ഥിച്ചുവന്നു എന്നു വി. യോഹന്നാൻ ക്രിസോസ്തോമൊസ് പറയുന്നു. വിശുദ്ധ കുർബ്ബാന സമർപ്പിക്കപ്പെടുകയിൽ മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതു വളരെ പ്രയോജനകരമാകുന്നു എന്ന് ഓർഗ്ഗെൻകാരനായ വി. ക്രിസ്റ്റോസ് പഠിപ്പിക്കുന്നു. തങ്ങളുടെ മരിച്ചവരെപ്പറ്റി ശ്രാദ്ധാദികർമ്മങ്ങളും ബലികളും നടത്തിവരുന്ന ഹിന്തുക്കളാദിയായ പുറജാതിക്കാരും ഒരു മദ്ധ്യസ്ഥലമുണ്ടെന്നു സാക്ഷിക്കുന്നു. ട്യൂറൊൻസിലും ത്രെൻറിലും ക്രോഡീകരിച്ച വിശുദ്ധ പിതാക്കന്മാർ പഠിപ്പിക്കുപ്രകാരം ജപം, തപസ്സ്, ദാനധർമ്മം ആദിയായ സുകൃതപുണ്യങ്ങളാലും പ്രത്യേകിച്ചു വിശുദ്ധ കുർബ്ബാനയാലും മറ്റു സൽക്കർമ്മങ്ങളാലും നമുക്കു ശുദ്ധീകരണസ്ഥലത്തിൽ കഷ്ടപ്പെടുന്ന ആത്മാക്കളെ സഹായിപ്പാൻ കഴിയുന്നു. ആ വിശുദ്ധാത്മാക്കൾക്കും തങ്ങളുടെ പാപപരിഹാരാർത്ഥം ഇനി സൽകൃത്യങ്ങൾ ചെയ്യാൻ കഴിയാത്തതുകൊണ്ടു അവർക്കു തങ്ങളെത്തന്നെ സഹായിപ്പാൻ നിവൃത്തിയില്ല. എന്തെന്നാൽ വി. യോഹന്നാൻ പറയുന്നപ്രകാരം മരണത്തിന്റെ ശേഷം യാതൊരുത്തനും വേലചെയ്യാൻ കഴിയാത്ത രാത്രിവരുന്നു. (യോഹ. ൯. ൪). ആകയാൽ ദൈവം അവർക്കു വിധിച്ച ശിക്ഷയെ അവർ അനുഭവിക്കണം. എന്നാൽ വി. ബൊനവെന്തൂർ പറയുന്നപ്രകാരം വിശുദ്ധ കുർബ്ബാനയുടെ സമർപ്പണം അവരെ വളരെ സഹായിക്കുന്നു. കരച്ചിലാലല്ല, ജപത്താലും ദാനധർമ്മത്താലും മരിച്ചവരെ സഹായിക്കപ്പെടുന്നു എന്നു വി. യോഹന്നാൻ ക്രിസോസ്തോമോസു പറയുന്നു. വിശേഷിച്ചു വീരന്മാർക്കുള്ള പ്രവൃത്തി എന്നു പറയപ്പെടുന്ന ആ സൽകൃത്യം, അതായതു, നമ്മുടെ സൽകൃത്യങ്ങളാൽ നമുക്കു ലഭിക്കാവുന്ന പരിഹാരഫലങ്ങളെല്ലാം മരിച്ചവരുടെ ആത്മാനുകൂലാർത്ഥം സമർപ്പിക്കുന്നതു്, നമുക്കു മരിച്ചവർക്കു ചെയ്യാവുന്നതിൽ ഏറ്റവും വലിയ സഹായമാകുന്നു. ഇപ്രകാരം ചെയ്യുന്നവർക്കു വി. കുർബാന ഉൾക്കൊള്ളുമ്പോഴൊക്കെയും ഒരു പൂർണ്ണ ദണ്ഡവിമോചനം ലഭിക്കാവുന്നതും ഇതു മരിച്ചവർക്കായി സമർപ്പിക്കാവുന്നതും ആകുന്നു.

വിശേഷിച്ചു നാം നമ്മുടെ സംബന്ധക്കാരായ മരിച്ചവരെ പ്രത്യേകിച്ചു സഹായിപ്പാൻ കടക്കാരാകുന്നു. എന്റെ സ്നേഹിതന്മാരായ നിങ്ങൾക്കെങ്കിലും എന്നോടു കരുണയുണ്ടാകണമേ, എന്തെന്നാൽ കർത്താവിന്റെ കരം എന്നെ തൊട്ട എന്ന യോബിന്റെ വാക്കുകൾ നമ്മെ സംബന്ധിക്കുന്നു എന്നു നാം ഓർക്കണം. ദൈവം ചിലപ്പോൾ മരിച്ചവരുടെ നിഷ്ഠാവസ്ഥയെ അവരുടെ സംബന്ധക്കാരെ അറിയിക്കുന്നു. ക്രീ അ. ൨൦൨—ൽ വിശുദ്ധ പെപ്പ്തുവാ ഒരു സപ്നത്തിൽ തന്റെ മരിച്ച സഹോദരൻ ഒരു ഇരുട്ടുള്ള സ്ഥലത്തിൽ അടെക്കപ്പെട്ടിരിക്കുന്നതായും ദാഹത്താൽ കഷ്ടപ്പെട്ടിരിക്കുന്നതായും കണ്ടു. അവൾ ഉടനെ അവനുവേണ്ടി പ്രാർത്ഥിപ്പാൻ ആരംഭിച്ചു. കുറെ കഴിഞ്ഞശേഷം അവൻ അവൾക്കു വീണ്ടും പ്രത്യക്ഷനായി. എന്നാൽ ഇപ്രാവശ്യം അവൻ ഭാഗ്യവാനായും സന്തുഷ്ടനായും കാണപ്പെട്ടു. ഇപ്രകാരംതന്നെ തുരിംജിയാക്കാരിയായ വി. എലിസബത്തു് ഹൻഗരിയുടെ രാജ്ഞിയായ തന്റെ അമ്മയുടെ മരണവർത്തമാനം അറിഞ്ഞാറെ, അവർക്കുവേണ്ടി പ്രാർത്ഥിപ്പാനും ചമ്മയഷ്ടിയാൽ തന്നെത്തന്നെ അടിപ്പാനും തുടങ്ങി. ഏറെത്താമസിയാതെ അവരുടെ അമ്മയായ രാജ്ഞി ശുദ്ധീകരണസ്ഥലത്തിൽനിന്നു രക്ഷിക്കപ്പെട്ടതായി അറിവാൻ അവൾക്കു ഭാഗ്യം സിദ്ധിച്ചു. എന്നാൽ നമ്മുടെ മരണശേഷം അന്യന്മാർ നമുക്കുവേണ്ടി ചെയ്യുന്ന സൽകൃത്യങ്ങളേക്കാൾ, ജീവിച്ചിരിക്കയിൽ നാം നമുക്കുവേണ്ടി ചെയ്യുന്ന പുണ്യപ്രവൃത്തികൾ നമുക്കു ഏറ്റവുമധി

കും ഉപകരിക്കും. നമ്മുടെ മരണശേഷം ഒരുത്തന്റെ വിശുദ്ധ കുർബ്ബാന സമർപ്പിക്കുന്നതിനായി ഒരു വലിയ സംഖ്യ നേടിയേക്കുമെന്നതിനേക്കാൾ, നാം ജീവനോടിരിക്കയിൽ ഭക്തിപൂർവ്വം കാണുന്ന ഒരു കുർബ്ബാന ഏറ്റവും അധികം നമുക്കു ഉപകരിക്കും. വി. ബൊനവെന്തൂർ പറയുന്നതു്: പരത്തിൽ നിർബ്ബന്ധപൂർവ്വം അനുഭവിക്കുന്ന കഠിന പ്രായശ്ചിത്തത്തേക്കാൾ സ്വമനസ്സാലെ ഇഹത്തിൽ ചെയ്യപ്പെടുന്ന തപസ്സിനെ ദൈവം ഏറ്റവുമധികം വിലമതിക്കുന്നു.

കടശിയായി, ഇവ ഒരു മഹാത്മാവിന്റെ വാക്കുകളാകുന്നു. വിശുദ്ധ ആത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനെക്കാൾ ദൈവത്തിന്നു ഏറ്റവും പ്രസാദകരമായുള്ളതും നിനക്കു ഏറ്റവും പ്രയോജനകരമായുള്ളതുമായ ഒരു പ്രവൃത്തിയും നിനക്കു ചെയ്വാനുണ്ടാവുന്നതല്ല. കാരണം നീ ഏറ്റവും അധികം പരിശുദ്ധ ജീവിതം കഴിക്കുന്നതിന്നും ശുദ്ധീകരണസ്ഥലത്തിൽനിന്നു രക്ഷിക്കപ്പെടുന്നതിന്നുംവേണ്ടി അവർ നീ ചെയ്ത ഉപകാരങ്ങളെ ഓർത്തു നിനക്കുവേണ്ടി ഇടവിടാതെ പ്രാർത്ഥിക്കും. മരിച്ചവർ പാപമോചനം പ്രാപിപ്പാൻവേണ്ടി പ്രാർത്ഥിക്കുന്നതു് വിശുദ്ധമായുള്ളതും രക്ഷാകരമായുള്ളതും ആയ വിചാരമാകുന്നു.

൨ മക്കാ. ൧൨. ൪൬

സുവിശേഷവിവരണം.

എന്നാൽ ചുങ്കക്കാരും പാപികളും അങ്ങേ കേൾപ്പാനായി അങ്ങേപ്പക്കൽ അടുത്തുചെന്നിരുന്നു. അപ്പോൾ സദ്പ്രമാണികളും പ്രീശന്മാരും ഇവൻ പാപികളെ കൈക്കൊള്ളുകയും അവരോടുകൂടെ ഭക്ഷിക്കയും ചെയ്യുന്നു എന്നു പറഞ്ഞു പിറുപിറുത്തിരുന്നു അതുകയാൽ അവരോടു ഈ ഉപമ അരുളിച്ചെയ്തു. അതായതു്: "നിങ്ങളിൽ ഏതു മനുഷ്യനെങ്കിലും നൂറു ആടുണ്ടായിരിക്കെ, അവയിൽ ഒന്നു കാണാതെ പോയാൽ, അവൻ തൊണ്ണൂറൊമ്പതിനേയും വനത്തിൽ വിട്ടുവച്ചു കാണാതെപോയതിനെ കണ്ടെത്തുവരെ, അതിനെ അന്വേഷിച്ചുപോകുന്നില്ലയൊ? അതിനെ കണ്ടെത്തുമ്പോൾ അവൻ സന്തോഷിച്ചുകൊണ്ടു തന്റെ തോളുകളിന്മേൽ ഏറ്റുകയും വീട്ടിൽ വന്നു സ്നേഹിതന്മാരേയും അയൽക്കാരേയും വിളിച്ചുകൂട്ടി, കാണാതെപോയ എന്റെ ആടിനെ ഞാൻ കണ്ടെത്തിയതുകൊണ്ടു എന്നോടുകൂടെ നിങ്ങൾ സന്തോഷിപ്പിൻ എന്നു അവരോടു പറകയും ചെയ്യുന്നു. ഇപ്രകാരംതന്നെ അനുതാപത്തിന്നു ആവശ്യമില്ലാത്ത തൊണ്ണൂറൊമ്പതു നീതിമാന്മാരെക്കുറിച്ചു എന്നതിനേക്കാൾ, അനുതാപപ്പെടുന്ന ഏകപാപിയെക്കുറിച്ചു സ്വർഗ്ഗത്തിൽ അധികസന്തോഷം ഉണ്ടാകുമെന്നു ഞാൻ നിങ്ങളോടു പറയുന്നു. അല്ലെങ്കിൽ ഏതു സ്ത്രീയെങ്കിലും പത്തു ദ്രാക്മനാണയം ഉണ്ടായിരിക്കെ, ഒരു ദ്രാക്മാനാണയം പൊയ്പോയാൽ വിളക്കു കത്തിച്ചു വീടു അടിച്ചുവാരി അതു കണ്ടുകിട്ടുവരെ, ജാഗ്രതയോടെ അന്വേഷിക്കുന്നില്ലയൊ? അതു കണ്ടുകിട്ടുമ്പോഴൊ, അവൾ തോഴിമാരേയും അയൽക്കാരികളേയും വിളിച്ചുകൂട്ടി എനിക്കു പൊയ്പോയ ദ്രാക്മാനാണയം കണ്ടുകിട്ടിയതുകൊണ്ടു നിങ്ങൾ എന്നോടുകൂടെ സന്തോഷിപ്പിൻ എന്നു പറയുന്നു. ഇപ്രകാരംതന്നെ അനുതാപപ്പെടുന്ന ഏകപാപിയെക്കുറിച്ചു ദൈവദൂതന്മാരുടെ മുമ്പാകെ സന്തോഷമുണ്ടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു." (വി. ലൂക്കാ, ൧൫. ൧. ൧൦.)



വിവരണം – പാപി മനസ്സു തിരിഞ്ഞുവരുന്നതിന്നു ദൈവം എത്രമാത്രം

ആഗ്രഹിക്കുന്നുവെന്നും, പാപിയുടെ മനസ്സുതിരിവ് മുഖാന്തിരം മോക്ഷവാസികൾക്കു പൊതുവായി ഏതു വലിയ സന്തോഷമുണ്ടാകുന്നുവെന്നും, പാപികളുടെമേൽ ദൈവം എത്ര അനുഗ്രഹമുള്ളവനായിരിക്കുന്നുവെന്നും ഈ രണ്ടുപമകൾ വ്യക്തമായി കാണിക്കുന്നു. ക. പാപി മനസ്സുതിരിഞ്ഞു വരുവാൻവേണ്ടി ദൈവം അവനെ അന്വേഷിച്ചു പുറപ്പെടുന്നു എന്നുവിചാരങ്ങൾകൊണ്ടും പ്രസംഗങ്ങൾകൊണ്ടും നല്ല ദൃഷ്ടാന്തങ്ങൾകൊണ്ടും തന്റെ പക്കലേക്കു ആകർഷിക്കുന്നു. കാണാതെ പോയ ആടിനെ അന്വേഷിച്ചുപോകുന്ന ഇടയന്റെ താല്പര്യവും, നഷ്ടപ്പെട്ട നാണയം കണ്ടെത്തുവാൻ വിളക്കു കത്തിച്ചു വീട്ടടിച്ചുവാരുന്ന സ്ത്രീയുടെ പരിശ്രമവും, പാപിയെ രക്ഷിപ്പാൻ ദൈവാനുഗ്രഹം ചെയ്യുന്ന ഉദ്യമങ്ങളുടെ സദൃശ്യങ്ങളാണ്. ഖ. പാപി മനസ്സുതിരിഞ്ഞു വരികയും അവന്റെ ആത്മത്തിന്റെ ജീവനായ ദൈവഇഷ്ടപ്രസാദം വീണ്ടു പ്രാപിക്കയും ചെയ്യുമ്പോൾ മരിച്ച ഒരുത്തൻ ഉയിർത്തുവന്നാൽ അവന്റെ പിതാവിനും സഹോദരന്മാർക്കും ഉണ്ടാകാവുന്ന സന്തോഷംപോലെ അത്ര വലിയ സന്തോഷം ദൈവത്തിനും മോക്ഷവാസികൾക്കും ഉണ്ടാകുന്നുവെന്നു ഈശോമിശിഹായുടെ തിരുവചനങ്ങൾ നമ്മെ പഠിപ്പിക്കുന്നു. കാണാതെപോയ ആടിനെ കണ്ടെത്തിയ ഇടയൻ തന്റെ സ്നേഹിതരേയും അയൽക്കാരെയും തന്നോടുകൂടെ സന്തോഷിപ്പാൻ വിളിക്കുന്നതും, നഷ്ടപ്പെട്ട നാണയം കണ്ടെത്തിയ സ്ത്രീ തന്റെ തോഴികളേയും അയൽക്കാരികളേയും തന്നോടുകൂടെ സന്തോഷിപ്പാൻ വിളിക്കുന്നതും മേല്പറഞ്ഞ വലിയ സന്തോഷത്തിന്റെ സാദൃശങ്ങളാകുന്നു. ന. പാപിയുടെ രക്ഷണയിൽ ദൈവത്തിന്റെ അളവില്ലാത്ത കൃപ വിളങ്ങി പ്രകാശിക്കുന്നു. പരിശുദ്ധ തമ്രിത്വത്തിന്റെ മൂന്നാളുകൾ ഈ രക്ഷണീയവേലയിൽ പ്രവേശിക്കുന്നു. നിത്യപിതാവ് പാപികളെ രക്ഷിപ്പാനായി തന്റെ ഏകകുമാരനെ തന്നെ ലോകത്തിലേക്കു യാത്രയാക്കി; മനുഷ്യാവതാരംചെയ്ത ദൈവപുത്രൻ പാപികളുടെ രക്ഷയ്ക്കായി തന്റെ തിരുമേനിയിൽ കഠിന ഭംഗപ്പാടു സഹിക്കയും തിരുരക്തം കുടശീലുള്ളിവരെ ചിന്തുകയും തന്റെ പ്രാണനെതന്നെ പൂജകഴിക്കയും ചെയ്തു. സ്നേഹത്തിന്റെ അരൂപിയായ പരിശുദ്ധാത്മാവാൻ മനസ്താപപ്പെടുന്ന പാപിയുടെ ആത്മത്തിൽ പ്രവേശിച്ചു ഈശോമ്ശിഹായുടെ യോഗ്യതകളാൽ അതിനെ ശുദ്ധീകരിക്കയും അലംകൃതമാക്കയും ചെയ്യുന്നു. പാപദോഷത്താൽ മരിച്ചിരിക്കുന്നപാപിയുടെ ആത്മാവു വിസ്മയനീയപ്രകാരത്തിൽ പുനർജീവൻ പ്രാപിക്കുന്നതിനെ നമ്മുടെ ശരീരക്കണ്ണുകൊണ്ടു നാം കണ്ടിരുന്നുവെങ്കിൽ, ലാസറിന്റെ ഉയിർപ്പു സമയത്തു സഹോദരികളായ മർത്തായും മറിയവും മറ്റും സന്തോഷിച്ചതിനെക്കാൾ നാം സന്തോഷിക്കുമായിരുന്നു. ഇപ്രകാരം പാപിയുടെ മനസ്സുതിരിവിനെക്കുറിച്ചു സഭാഗ്രന്ഥത്തിലുള്ളതുപോലെ ഒരുവിധ സന്തോഷം ഭൂമിയിലും ഉണ്ടാകുമായിരുന്നു.

ഫ. ൨. ൧൬.

ദശവിധി.

നാലാം പ്രമാണം.

ഭൂമിയിൽ നിന്റെ ആയുസ്സിന്റെ നാളുകൾ വർദ്ധിപ്പാൻവേണ്ടി നിന്റെ അപ്പനേയും അമ്മയേയും ബഹുമാനിക്ക. പുറപ്പാ. ൨൦.

ഇതു രണ്ടാം കല്പലകയിൽ എഴുതപ്പെട്ട പ്രമാണങ്ങളിൽ ഒന്നാമത്തേതാകുന്നു. അതായതു നമ്മുടെ അയൽക്കാരുടെനേരെ നമുക്കു ഉണ്ടാകേണ്ട കടമകളെ കല്പിക്കുന്നവകളിൽ ഒന്നാമത്തേതാകുന്നു. എന്തെന്നാൽ നമ്മുടെ അയൽക്കാരെന്നു നാം വിചാരിക്കേണ്ടവരിൽ നമ്മുടെ മാതാപിതാക്കന്മാർ പ്രഥമസ്ഥാനം അർഹിക്കുന്നു. അപ്പനും അമ്മയും എന്ന പദങ്ങൾ, നമ്മുടെ ജനകന്മാരായ മാതാപിതാക്കന്മാരെ മാത്രമല്ല, ആത്മിക ലൌകികന്മാരായ എല്ലാ മേലധികാരികളെയും കാണിക്കുന്നു.

ഭൂമിയിൽ നിന്റെ ആയുസ്സിന്റെ നാളുകൾ വർദ്ധിപ്പാൻവേണ്ടി എന്ന വാക്കുകൾ നിത്യജീവനു മുമ്പായി ദീർഘമായും ഭാഗ്യമായുമുള്ള ഐഹിക ജീവനെ സംബന്ധിച്ച വാഗ്ദത്തത്തെ സൂചിപ്പിക്കുന്നു. എന്നാൽ ഈ വാഗ്ദാനം പ്രായേണ ഇഹത്തിൽതന്നെ നിവർത്തിക്കപ്പെടുന്നുവെങ്കിലും എപ്പോഴും അങ്ങനെ സംഭവിക്കുന്നില്ല. കാരണം, ദൈവം കുട്ടികളുടെ നിത്യജീവനെ പ്രഥമമായി കരുതിയിരിക്കയാൽ, ദുഷ്ടത അവരുടെ ഹൃദയത്തെ ദുഷിപ്പിക്കാതിരിപ്പാൻവേണ്ടി അങ്ങുന്നു അവരെ തന്റെ അടുക്കലേക്കു ക്ഷണിക്കുന്നു. (ജ്ഞാനാഗ. ൪– ൧൧) ക്രൂരനായ, നിഷ്ഠുരനായ ദീർഘായുസ്സുതന്നെയാകുന്നു. (ജ്ഞാനാഗ. ൪, ൯) ആകയാൽ അവർ മുൻകൂട്ടി പൂർണ്ണ പ്രതിഫലം കൈക്കൊള്ളുവാൻ ഇടവരുന്നു. അപ്പോഴോ തങ്ങളുടെ കുട്ടികൾ ശൈശവത്തിലെ മരിക്കുന്നതു മാതാപിതാക്കന്മാർക്കു ഏറ്റവും വലിയ സന്തോഷത്തിനു കാരണമല്ലയൊ? ഏതുപ്രകാരമെങ്കിലും ഇഹത്തിലാകട്ടെ പരത്തിലാകട്ടെ, പിതൃഭക്തി നിശ്ചയമായി ദൈവാനുഗ്രഹവും പ്രതിഫലവും കൈക്കൊള്ളും. പ്രത്യുത: മാതാപിതാക്കന്മാരുടെ നേരെയുള്ള തങ്ങളുടെ കടമകളെ വിസ്മരിക്കുന്ന മക്കൾക്കു ദൈവാനുഗ്രഹം കാട്ടുകയില്ല; അവർ ദൈവരക്ഷയിൽനിന്നു ഒഴികയുമില്ല. ദാവീദിന്റെ പുത്രനായ അബ്ശാലോം ഇതിനു ഉദാഹരണമാകുന്നു.

നാലാംപ്രമാണം കുട്ടികൾ മാതാപിതാക്കന്മാരെയും, കീഴുള്ളവർ മേലുള്ളവരേയും ബഹുമാനിപ്പാൻ ആജ്ഞാപിക്കുന്നതിനാൽ മാതാപിതാക്കന്മാരും യജമാനന്മാരും തങ്ങളുടെ മക്കളുടെയും നേരെയും അധീനന്മാരുടെ നേരെയുമുള്ള കൃത്യങ്ങളെ നിവ്വഹിച്ചുകൊണ്ടു തങ്ങളോടു അവർ കാണിക്കേണ്ട ബഹുമാനത്തിനു അർഹന്മാരാകേണ്ടിയിരിക്കുന്നു. നാലാംപ്രമാണം കല്പിക്കുന്ന കർത്തവ്യകടമകൾ നാലായി തരംതിരിക്കപ്പെടാം. ക–മതു മാതാപിതാക്കളുടെ കടമകൾ, ഖ–മതു മക്കളുടെ കടമകൾ, ഗ–മതു അധികാരികളും അധീനന്മാരും തമ്മിലുള്ള പരസ്പര കടമകൾ.

നാലാംപ്രമാണം സൂക്ഷ്മമായി തന്നെ കല്പിക്കുന്ന മക്കളുടെ കർത്തവ്യങ്ങളെപ്പറ്റിതന്നെ നമുക്കു ആദ്യമായി ആലോചിക്കാം. ഈ സാരവത്തായ പ്രമാണം കുട്ടികൾക്കു തങ്ങളുടെ അപ്പനമ്മമാരുടെ നേക്കുള്ള കടമകളെ നിർദ്ദേശിക്കുന്നു. ഈ കടമകളുടെ സംഗ്രഹം പിതൃഭക്തി ആകുന്നു. ഇതിൽ മക്കൾക്കു മാതാപിതാക്കന്മാരുടെനേരെ ഉണ്ടാകേണ്ട സ്നേഹവും, വണക്കവും, ആജ്ഞാനുസരണവും സഹായവും അടങ്ങിയിരിക്കുന്നു.

ക മാതാപിതാക്കന്മാരെ സ്നേഹിക്ക എന്നതു്, അവർ ഏപ്രകാരമുള്ളവർ ആയിരുന്നാലും ശരി, അവരുടെനേരെ അവരുടെ ആയുഷ്കാലം മുഴുവനും നിഷ്കപടമായും ഉപകാരസ്മരണാപൂർവ്വകമായും ഉള്ള പക്ഷം പ്രദർശിപ്പിക്കുന്നതാകുന്നു. ഈ പക്ഷം അല്ലെങ്കിൽ സ്നേഹം അവരെ എല്ലാകാര്യത്തിലും സന്തോഷിപ്പിക്കുന്നതിലും സംതൃപ്തരാക്കുന്നതിലും അടങ്ങിയിരിക്കുന്നു. പിതൃഭക്തിയിൽനിന്നു ഒഴിഞ്ഞൊന്നുമില്ല. നമ്മുടെ മാതാപിതാക്കന്മാർ ദരിദ്രന്മാരും ബലഹീനന്മാരും ആകുന്നുവെങ്കിൽ അത്രയുമധികം നാം അവരോടു ഭക്തന്മാരായിരിപ്പാൻ കടക്കാരാകുന്നു. അവർ ദുശ്ശീലന്മാരായിരുന്നാൽക്കൂടെയും നാം അവരുടെ ദുർന്നടപ്പുകളേയും ദുർവ്യവഹാരങ്ങളേയും ദോഷിച്ചുകൊണ്ടു അവരെ സ്നേഹിക്കണം.

സഹോദരസ്നേഹം, സഹോദരസഹോദരിമാർ തമ്മിൽ ശക്തികുറഞ്ഞ പ്രകാരമെങ്കിലും തുല്യകടമകളെ കല്പിക്കുന്നു.

ഖ. വണക്കം. നമ്മുടെ മാതാപിതാക്കന്മാരുടെനേരെ നമുക്കു അഭ്യന്തരമായും ബാഹ്യമായും ബഹുമാനം ഉണ്ടാകണം. അവർ ദൈവസ്ഥാനത്തിൽ ഇരിക്കുന്നു എന്നു വിശ്വസിച്ചുകൊണ്ടു അവരെ വണങ്ങുകയും ബഹുമാനിക്കയും, അവരോടു ദയാപൂർവ്വമായും ആദരപൂർവ്വമായും സംസാരിക്കയും, അവരുടെ ശാസനകളെ സൌമ്യതയോടെ സ്വീകരിക്കയും, അവരുടെ വീഴ്ചകളേയും ന്യൂനതകളേയും ക്ഷമിക്കയും മറെക്കയും ചെയ്യണം. നമ്മുടെ മാതാപിതാക്കന്മാരുടെ അനുഗ്രഹം അപേക്ഷിക്കയും അവ

ക്ക സ്തുതിപറകയും ചെയ്യുന്നതു പവിത്രമായും ക്രിസ്തീയമായുമുള്ള മുറയാകുന്നു.

൩. അനുജ്ഞാനുസരണം. മാതാപിതാക്കന്മാരുടെ ചൊല്ലുവിളി കേൾക്കുന്നത് അവർ ആജ്ഞാപിക്കുന്നതു നിവർത്തിക്കുന്നതാകുന്നു. ക്രിസ്തീയ മുറയ്ക്കു കീഴ്വഴങ്ങുന്നതു, അവരെ ദൈവത്തിന്റെ പ്രതിപുരുഷന്മാരെന്നു വിശ്വസിച്ചുകൊണ്ടു ദൈവത്തിനു എങ്ങനെയോ അങ്ങനെ അവർക്ക സന്തോഷത്തോടും ജാഗ്രതയോടുംകൂടെ അനുസരണം കാണിക്കുന്നതാകുന്നു. നമ്മുടെ മാതാപിതാക്കന്മാരും നമ്മുടെ എല്ലാ മേലധികാരികളും ദൈവത്തിന്റെ അധികാരത്തോടു കൂടിയവരാകുന്നു എന്നും, നീതിയും ഉചിതവും ആയ എല്ലാ സംഗതികളിലും അവരുടെ ആജ്ഞയെ അനുസരിക്കണം എന്നുമുള്ളതു നമ്മുടെ വിശ്വാസസത്യങ്ങളിൽ ഒന്നാകുന്നു.

കുട്ടികൾ ദൈവപ്രമാണത്തിനു വിരോധമല്ലാത്ത എല്ലാ സംഗതികളിലും മാതാപിതാക്കന്മാക്ക അനുസരണയുള്ളവരായിരിക്കണം. അവരുടെ വളർത്തൽ സംബന്ധമായും, ശീലപരിശീലനം സംബന്ധമായും, ഗ്രഹഭരണം സംബന്ധമായും ഉള്ള കാര്യങ്ങളിൽ കുട്ടികൾ പ്രത്യേകമായി അനുസരണയുള്ളവരായിരിക്കണം എന്നു വേദപാരഗനായ വിശുദ്ധ തോമ്മാ പഠിപ്പിക്കുന്നു.

൪. സഹായം. അവരുടെ ആത്മികവും ലൌകികവുമായ എല്ലാ ആവശ്യങ്ങളിലും പ്രത്യേകം അവർ വൃദ്ധന്മാരൊ രോഗികളൊ ആയിരിക്കയും മരണം സമീപിച്ചിരിക്കയും ചെയ്യുന്ന അവസരത്തിലും കുട്ടികൾ തങ്ങളുടെ മാതാപിതാക്കന്മാരെ സഹായിക്കണം. സർവ്വോപരിയായി തങ്ങളുടെ മാതാപിതാക്കന്മാർ വേദസംബന്ധമായ സഹായങ്ങളും ആശ്വാസങ്ങളും ക്രൂശാതെ മരിപ്പാൻ സംഗതി ആകായ്വാൻ മക്കൾ താല്പര്യപ്പെടണം. അവരുടെ മനസ്സു ക്ഷോഭിക്കുമെന്നോ ദീനം കൂടിയേക്കുമെന്നോ ഭയന്നു, നിത്യതപത്തിലേക്കുള്ള അവരുടെ ഭയങ്കര യാത്രയിൽ അവരെ സഹായിപ്പാൻവേണ്ടി തക്കസമയത്തു പട്ടക്കാരെ വിളിപ്പാൻ ഉപേക്ഷ വിചാരിക്കുന്നതു ഏററം നിർദ്ദയയായുള്ള പ്രവൃത്തിയാകുന്നു. അവർ ജീവനോടെ ഇരിക്കുമ്പോൾ നാം അവക്കുവേണ്ടി പ്രാർത്ഥിക്കുന്നതുകൂടാതെ, അവർ മരിച്ചശേഷം അവക്കുവേണ്ടി പ്രാർത്ഥിക്കയും പ്രാർത്ഥിപ്പിക്കുകയും ചെയ്യണം. എല്ലാപ്രകാരത്തിലും അവരുടെ അവസാന മനസ്സിനെ വിശ്വാസപൂർവ്വം നിവർത്തിക്കയുംവേണം.

പിതൃഭക്തി വാഴുന്ന കുടുംബങ്ങൾ എത്ര ഭാഗ്യമുള്ളതു! ഇപ്രകാരമുള്ള ഭവനം ദൈവഭക്തന്മാർ ദൈവത്തെ സ്നേഹിക്കുന്നതിലും അങ്ങേ ഇഷ്ടം നിവർത്തിക്കുന്നതിലും ഭാഗ്യവാന്മാരായിരിക്കുന്ന ആ സ്വർഗ്ഗരാജ്യത്തിന്റെ ഒരു പ്രതിബിംബമാകുന്നു. ഇതു ലൌകിക സമ്പത്തില്ലാത്തതായിരുന്നാലും സ്വർഗ്ഗീയ പിതാവിന്റെ സന്തോഷവിഷയങ്ങളായ ഈശോയും മറിയവും യൌസേപ്പും സമാധാനത്തിന്റെ മാധുര്യത്തിൽ വസിച്ചുവന്ന നസ്രസിലെ വിശുദ്ധ കുടുംബത്തിനു സാദൃശ്യമാകുന്നു. മറിയത്തേയും യൌസേപ്പിനേയും അനുകരിക്കുന്ന മാതാപിതാക്കന്മാരും ഉണ്ണിയീശോയെ കണ്ടുപരിക്കുന്ന കുട്ടികളും തത്തുല്യമായ ഭാഗ്യത്തെ അനുഭവിക്കുന്നു.

ആകയാൽ പ്രിയ സഹോദരന്മാരെ! അനുജ്ഞാനുസരണത്തിന്റേയും പിതൃഭക്തിയുടേയും ഉത്തമമാതൃകയായി കുരിശിൽകിടന്ന ഏററം ഗുരുതരമായ പ്രവൃത്തിയാൽ തന്റെ പരിശുദ്ധ മാതാവിനെ ബഹുമാനിച്ച ന. ക. രംശോ മ്ശിഹാ എപ്പോഴും നമ്മുടെ കൺമുമ്പാകെ ഉണ്ടായിരിക്കട്ടെ. നാം നമ്മുടെ മാതാപിതാക്കന്മാരോടു അവരുടെ ആയുഷ്കാലത്തിലും മരണസമയത്തും മരണാനന്തരവും ഏററം ഗാഢമായ സ്നേഹത്തിന്റെ ദൃഷ്ടാന്തങ്ങളെ കാണിക്കുക. ഇങ്ങനെ ഇഹത്തിലും പരത്തിലും നാം കർത്താവിനാൽ അനുഗ്രഹിക്കപ്പെടും. അപ്പന്റെ അനുഗ്രഹം മക്കളുടെ വീടുകളെ സ്ഥാപിക്കുന്നു എന്നും (Eccl. 3. 2.) തന്റെ അമ്മയെ ബഹുമാനിക്കുന്നവൻ നിക്ഷേപം ചെക്കുന്നവനെപോലെയാകുന്നു (Eccl. 5. 15.) എന്നുമുള്ള വേദവാക്യങ്ങളെ നാം മറന്നുകളയരുതു.

വിശുദ്ധ കുർബ്ബാനയും ശുദ്ധീകരണ സ്ഥലത്തിലെ ആത്മാക്കളും

പ്രാൻസിലെ രാജാക്കന്മാർ സ്ഥാപിച്ചിട്ടുള്ള പൊതുനിയമങ്ങളിൽ, ആരെങ്കിലും മരിച്ചാൽ അയാളുടെ സംബന്ധക്കാർ സ്നേഹിതന്മാരാകിയായവർ അയാത്മാവിന്റെ ആനുകൂല്യത്തിനായി മുപ്പതു ദിവസത്തേക്കു നോമ്പു നോൽക്കുകയും വഴിപാടുകൾ കഴിക്കുകയും ചെയ്യണമെന്നു കല്പിച്ചിട്ടുണ്ട്. ഫ്ലൂൽദാ എന്ന സ്ഥലത്തെ ഒരു സന്ന്യാസാശ്രമത്തിൽ യാതൊരു സഹോദരൻ മരിച്ചാൽ, മുപ്പതു ദിവസത്തേക്കു അയാൾ പൊതുഭക്ഷണനേരങ്ങളിൽ കൂട്ടത്തിലുള്ളപോലെ വിചാരിക്കയും അയാളുടെ ഭക്ഷണത്തിനുള്ള പദാർത്ഥങ്ങൾ ഭിക്ഷക്കാർക്കു കൊടുക്കയും ചെയ്യണമെന്നു ഒരു ചട്ടം ഉണ്ടായിരുന്നു. ലൂയീസ് ബെർത്രാന്ത് എന്ന വാഴ്ത്തപ്പെട്ടവൻ തന്റെ സന്ന്യാസ സഹോദരന്മാരിൽ ഒരാളിന്റെ ആത്മാനുകൂലാർത്ഥം മുപ്പതു ദിവസത്തേക്കു എരിവുള്ള പ്രാർത്ഥനകളും ഉഗ്രതയേറിയ തപക്രിയകളും കാഴ്ചവെയ്ക്കയും മുപ്പതാംദിവസം പ്രസ്തുത ആത്മാവു മഹാപ്രഭയോടെ മോക്ഷാരോഹണം ചെയ്യുന്നതു കാണ്മാൻ അദ്ദേഹത്തിനു ഭാഗ്യം സിദ്ധിക്കയും ചെയ്തു. സഹായമറ്റ ആത്മാക്കളുടെ രക്ഷയ്ക്കായി റോമ്മായിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന സഖ്യതയിലെ നിയമങ്ങളിൽ ഒന്നു, അതിലെ യാതൊരു അംഗം മരിച്ചുകഴിഞ്ഞാൽ അയാളിനുവേണ്ടി മുപ്പതു കുർബ്ബാന ചൊല്ലിക്കണമെന്നുള്ളതാകുന്നു.

ഇങ്ങനെ കത്തോലിക്കതിരുസഭ, മരിച്ച വിശ്വാസികൾക്കുവേണ്ടി ക്രൂശുകൊണ്ടു ജപം ചെയ്യണമെന്നും ദിവ്യപൂജ കാഴ്ചവെയ്ക്കണമെന്നും എല്ലായ്പോഴും ഗുണദോഷിക്കയും കല്പിക്കയും ചെയ്യുന്നു. എന്നു മാത്രമല്ല, വ്യഭിചാരമാസം മുഴുവനും വിശുദ്ധാത്മാക്കൾക്കായി പ്രതിഷ്ഠിക്കയും ചെയ്തിരിക്കുന്നു.

എന്നാൽ വിശുദ്ധ കുർബ്ബാന കൈക്കൊള്ളുന്നതു മാത്രമല്ല, കാണുന്നതുകൂടെയും പ്രസ്തുത ആത്മാക്കൾക്കു വളരെ ആശ്വാസകരമാണ്. എന്തുകൊണ്ടെന്നാൽ കൃത്യമായി പറഞ്ഞാൽ, വൈദികന്മാക്കു മാത്രമേ വാസ്തവത്തിൽ വിശുദ്ധ കുർബ്ബാന അർപ്പിക്കാൻ പാടുള്ളു എങ്കിലും വിശുദ്ധ പത്രോസ് ശ്ലീഹാ പറയുംവണ്ണം സകല ക്രിസ്തുവരും തിരഞ്ഞെടുക്കപ്പെട്ട ജാതിയും, രാജപുരോഹിതകുലവും, വിശുദ്ധ വംശവും, രക്ഷിക്കപ്പെട്ട ജനവും ആകുന്നു. (പത്രോസ് ഏ. ലേഖനം ൨. ൯.) ആയതുകൊണ്ടു ദിവ്യപൂജ കാണുന്ന എല്ലാ വിശ്വാസികളും പട്ടക്കാരനോടു ചേർന്നുകൊണ്ടു വിശുദ്ധ ബലിയെ ദൈവത്തിനു സമർപ്പിക്കുന്നു എന്നു ഒരർത്ഥത്തിൽ പറയാവുന്നതാണ്. ഇതിനെപ്പറ്റി വിശുദ്ധ പത്രോസ് ദമിയാൻ പറയുന്നതായതു: "പട്ടക്കാരൻ അദ്ദേഹത്തിന്റെ കരങ്ങൾ വഴിയായി സമർപ്പിക്കുന്നതു, ജനങ്ങൾ അവരുടെ മനസ്സിന്റെ കരുതൽകൊണ്ടും ഹൃദയത്തിന്റെ നിയോഗംകൊണ്ടും സമർപ്പിക്കുന്നു."

ഇപ്രകാരം പട്ടക്കാരനോടു ഹൃദയപൂർവ്വം യോജിച്ചുകൊണ്ടു സ്വന്ത സംബന്ധക്കാർ സ്നേഹിതന്മാർ മുതലായവർക്കുവേണ്ടിയുള്ള വിശ്വാസികളുടെ പ്രാർത്ഥനകളും ദാനധർമ്മങ്ങളും മരിച്ചവർക്കു വളരെ ഉപകാരപ്രദവും ആശ്വാസകരവും ആകുന്നു.

ഒരിക്കൽ നമ്മുടെ ദിവ്യരക്ഷകൻ ജെർത്രൂദാ പുണ്യവതിക്കു പ്രത്യക്ഷനായി വെളിപ്പെടുത്തിയതായതു: "ആരെങ്കിലും ഭക്തിപൂർവ്വം ബലിപീഠത്തിൽ അർപ്പിക്കപ്പെടുന്ന ദിവ്യചെമ്മരിയാൻകുട്ടിയോടു ആത്മികമായി യോജിച്ചുകൊണ്ടു വിശുദ്ധ കുർബ്ബാനയിൽ സംബന്ധിക്കുമെങ്കിൽ, സപ്തസ്ഥാനായ പിതാവു ആയാളെ അത്യന്ത ദയയോടും സ്നേഹത്തോടുംകൂടി കടാക്ഷിക്കുന്നതാണ്."

മരിച്ചുപോയ വിശ്വാസികളെ സഹായിക്കുന്നതിനു ഫലസിദ്ധിയുള്ള വേറൊരു മാർഗ്ഗം ഈശോയുടെ തിരുഹൃദയത്തിൻനേരെയും പരിശുദ്ധ കന്യകയുടെ നേരെയും ഉള്ള ഭക്തിയാകുന്നു. ദിവ്യരക്ഷകൻ വിശുദ്ധ മർഗ്ഗരീത്തായിക്കു വെളിപ്പെടുത്തിയിട്ടുള്ള അനേക കാര്യങ്ങളിൽ മുഖ്യമായ ഒന്നു മനുഷ്യരുടെ സ്നേ

ഹാരാധനകളെ ആഗ്രഹിച്ചുകൊണ്ടു വിശുദ്ധ കുർബ്ബാനയിൽ പാർത്തിരിക്കുന്ന അങ്ങേ തിരുഹൃദയത്തെ സന്ദർശിക്കുയും ആരാധിക്കുയും ചെയ്യുന്നവരുടെമേൽ തന്റെ അതിരറ്റ നിക്ഷേപങ്ങളെ ചൊരിയുകയും അവരുടെ അപേക്ഷകളെ അത്യന്തകനിവോടെ കേൾക്കുകയും ചെയ്യും എന്നുള്ളതാണ്. ഇതു ധാരാളമായ പറഞ്ഞൊപ്പുകൾ ചെയ്തിരിക്കുന്ന തന്റെ തിരുഹൃദയത്തോടു അങ്ങേ സ്നേഹപുത്രികളായ ശുദ്ധീകരണ സ്ഥലത്തിലെ ആത്മാക്കൾക്കു വേണ്ടി നാം ചെയ്യുന്ന മദ്ധ്യസ്ഥതയും ശുപാശിയും അവിടുന്നു സ്വീകരിക്കാതിരിക്കുന്നതെങ്ങനെ?

അപ്രകാരം പരിശുദ്ധയുടെ പക്കലും നാം ഈ ആത്മാക്കൾക്കുവേണ്ടി ചെയ്യുന്ന പ്രാർത്ഥനകൾ ഈ അമ്മ ഒരിക്കലും തള്ളിക്കളയുകയില്ല. എന്തുകൊണ്ടെന്നാൽ അവിടുന്നു വിശുദ്ധ ബ്രിജീത്തായിക്കു വെളിപ്പെടുത്തിയവണ്ണം, പരിശുദ്ധ മറിയം ശുദ്ധീകരണസ്ഥലത്തിന്റെ രാജ്ഞിയായിരിക്കുന്നു. അതിൽ ബന്ധിക്കപ്പെട്ടിരിക്കുന്ന ആത്മാക്കളെ പലപ്പോഴും ദയാപൂർവ്വം സന്ദർശിക്കുയും ആശ്വസിപ്പിക്കുയും അവധി കൂടാതെ രക്ഷിച്ചു സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകുയും ചെയ്യുന്നു.

ഫാ. ജോസഫ് പി.

വിശ്വാസത്തിന്റെ തെറ്റുവരാത്ത മാർഗ്ഗം.

(തുടർച്ച)

വി. സഭയുടെ ആജ്ഞയിലും അധികാരത്തിലും നിന്നു സ്വതന്ത്രനാകുന്നതിനായി ലൂത്തർ ഓരോരുത്തനും പരിശുദ്ധാത്മാവിന്റെ സ്വകാര്യപ്രേരണകൾ കിട്ടുന്നുണ്ടെന്നും അതനുസരിച്ചു പ്രവർത്തിച്ചാൽ മതിയെന്നും ശഠിക്കയാൽ കത്തോലിക്കാ സഭയിൽ നിന്നു ബഹിഷ്കരിക്കപ്പെട്ടശേഷം അയാളെ പിൻചെന്നിരുവരുത്തുയും അയാളുടെ അഭിപ്രായങ്ങളേയും വ്യവസ്ഥകളേയും, അവരവരുടെ സ്വകാര്യവിധിക്കു വിരോധമായിരുന്നാലും, സർവ്വാത്മനാ അവലംബിക്കണമെന്നു പ്രമാണിച്ചതും അനുസരിക്കാത്തവരെ അസഭ്യങ്ങൾ പറഞ്ഞതും കൊ സാഹസമായിപ്പോയി. ദൈവം സമസ്ത ക്രിസ്ത്യാനികൾക്കും സ്വകാര്യപ്രേരണ കൊടുക്കുന്നുണ്ടെങ്കിൽ കത്തോലിക്കർ സ്വാനുഷ്ഠാനത്തിനായി ചെയ്യുന്ന വ്യാഖ്യാനങ്ങളും നിഗമനങ്ങളും തെറ്റായിപ്പോയെന്നു വിധിച്ചതു വേദപുസ്തകത്തിലെ ഏതുപ്രമാണത്തിൽ അടിസ്ഥാനപ്പെടുത്തിയാണെന്നു കാണിച്ചിട്ടില്ല. വിശ്വാസപ്രമാണത്തിനു അനുസരിച്ചുനടക്കണം എന്നുള്ളതു ദൈവശാസ്ത്രിതമാണെന്നു ഒരുത്തൻ സുവിശേഷത്തിൽ നിന്നു ഗ്രഹിക്കുന്നതായാൽ അവൻ 'പിശാചുതന്നെയാകുന്നു' എന്നു ക്രൂസൽക്രൂടാതെ ഖണ്ഡിച്ചുപറഞ്ഞതും തർക്കശാസ്ത്രത്തിലെ ഏതു ന്യായത്തെ ആസ്പദമാക്കിയാണെന്നു മനസ്സിലാകുന്നില്ല. കത്തോലിക്കാ സഭയിലും സന്ന്യാസാശ്രമങ്ങളിലും അധർമ്മജീവിതവും നടപടിദോഷങ്ങളുമുള്ളതിനെ നവീകരിച്ചു പരിഷ്കരിക്കുന്നതിനായി അയാളുടെ പരിശുദ്ധാത്മാവിയുടെ പ്രേരണയിൻകീഴ് ദൈവത്തിനു തന്നെപ്പോലെ കന്യാത്വം നേർന്നു ജീവിച്ചിരുന്ന ഒരു യുവതിയെ തട്ടിച്ചു വിവാഹത്തിനു പ്രേരണ അവളോടുകൂടെ വ്യഭിചാരജീവിതം കഴിച്ചിരുന്നതും അമിതഭോജനത്തിലും മദ്യസേവയിലും മുഴുകുന്നായി പ്രശംസിച്ചിരുന്നതും അയാളുടെ ആത്മശുദ്ധത, താപസവൃത്തി, മനോധീരത, ദൈവസ്നേഹത്തിനുമേലുള്ള അത്യാസക്തി മുതലായ സൽഗുണങ്ങളുടെ അനന്യസാധാരണങ്ങളായ ദൃഷ്ടാന്തങ്ങളാണ്.

ഇപ്പോൾ പ്രോട്ടസ്റ്റാന്റു മതത്തിൽ ൧൦൦-ൽപരം ഭിന്നകക്ഷികളുണ്ട്. ഇവരെല്ലാം പറയുന്നതു പരസ്പരവിരുദ്ധങ്ങളാണെങ്കിലും അവയെല്ലാം ശരിയായ വേദപുസ്തകജ്ഞാനങ്ങളാണത്രെ. മിശിഹാതന്റെ അനുയായികളെല്ലാം ഒന്നായി യോജിച്ചിരിപ്പാൻ സ്വസ്ഥാനായ സ്വന്തപിതാവിനോടു അപേക്ഷിച്ചു ലഭിച്ചിട്ടുള്ള സത്യസഭയുടെ ലക്ഷ്യമായൈക്യത്തിന്റെ ഫലമാണൊ ഇതു! സാധാരണ മനുഷ്യർക്കുടിയും തങ്ങളുടെ വാക്കിൽ സ്ഥിരതയില്ലാത്തവരായി ഗണിക്കപ്പെടുന്നതു ഏറ്റവും അപമാനകരമായി വിചാരിച്ചുപോരുന്നു. എങ്കിലും പ്രോട്ടസ്റ്റണ്ടു

കാരുടെ പരിശുദ്ധാത്മാവു ഒരെ സമയത്തുതന്നെ രാഠാ-ൽപരം വിരുദ്ധങ്ങളെ പരിപ്പിക്കുവാൻ സാമർത്ഥ്യമുള്ള സത്യാത്മാവിയാണെന്നുള്ളതു അവർക്കു അഭിമാനകരംതന്നെ. ഇനി കത്തോലിക്കസഭയിലേക്കു ഒന്നു നോക്കുക. ഭൂഗോളത്തിന്റെ നാനാഭാഗങ്ങളിലും ദക്ഷിണധ്രുവം മുതൽ ഉത്തരധ്രുവംവരെയും വിവിധഭാഷകൾ സംസാരിച്ചും വ്യത്യസ്തങ്ങളായ ജാത്യാചാരങ്ങളും സമുദായ നടപടികളും അനുസരിച്ചുംപോരുന്ന മുപ്പതുകോടി പത്തുലക്ഷം കത്തോലിക്കരും വി. പത്രോസിന്റെ പിൻഗാമിയുടെ സ്വരത്തിനു തലകുനിഞ്ഞു 'ആമ്മേൻ' എന്നുപറയുമ്പോൾ ലോകം ആസകലം മുഴങ്ങുന്ന മാറ്റൊലി കേട്ടാൽ ആരാണു അതിശയപരവശനാകാത്തതു്.

ഇവിടെ ഏതു വിശ്വാസമട്ടം ശരിയാകുന്നുഎന്നാണ് തെളിവാകുന്നതു്?

Y [illegible] .2 .ധ

തിരുസഭാചരിത്ര സംഗ്രഹം.

(ഒന്നാം ശതാബ്ദം)

വിശുദ്ധ തോമ്മാ ശ്ലീഹാ.

(തുടർച്ച)

കഴിഞ്ഞ ലക്കത്തിൽ പറഞ്ഞിരിക്കുംവണ്ണം വിശുദ്ധ ശ്ലീഹാ രാജപുത്രനായ കേപ്പായെന്ന വൈദികനോടുകൂടെ കൊല്ലത്തെത്തി. അവിടെ ഒരുവർഷം താമസിച്ചതിനിടക്കു സത്യവേദപ്രസംഗംചെയ്തു വളരെ ആളുകളെ മനസ്സുതിരിക്കുകയും അവരുടെ വണക്കത്തിനായി ഒരു സ്ലീവാ സ്ഥാപിക്കുകയും ചെയ്തു. അവിടെനിന്നു നിരണത്തിനു സമീപമുള്ള തുകുപാലേശ്വരം എന്ന സ്ഥലത്തേക്കു പോയി. അവിടെയും മുൻപറഞ്ഞപോലെ ഒരു വർഷം താമസിക്കുകയും അനേകംപേരെ സത്യമാർഗ്ഗത്തിൽ ചേർക്കുകയും അവരുടെ വണക്കത്തിനായി ഒരു സ്ലീവാ സ്ഥാപിക്കുകയും ചെയ്തു. അവിടെനിന്നു കിഴക്കു മലപ്രദേശമായ ചായൽ (നിലയ്ക്കൽ) എന്ന സ്ഥലത്തു ചെന്നു. വിശുദ്ധ ശ്ലീഹാ മലയാളത്തിൽ സ്ഥാപിച്ച ഏഴു പള്ളികളിൽ ഇതു് ഒന്നുമാത്രമാണു മലമുകളിൽ പ്രതിഷ്ഠിക്കപ്പെട്ടതു്. ഇവിടെയും ഒരുവർഷം താമസിച്ചു അനേകംപേരെ സത്യമാർഗ്ഗത്തിൽ ക്രുട്ടുകയും ആരാധനയ്ക്കായി സ്ലീവാ സ്ഥാപിക്കുകയും ചെയ്തു. ഇവിടെനിന്നും കോക്കമംഗലത്തേക്കു പോകുവാൻ നിശ്ചയിച്ചിരിക്കയിൽ, തുകുപാലേശ്വരത്തുനിന്നു മാളിയേക്കൽ തോമ്മായും ശെമഓൻ എന്നു പേരുള്ള വേറൊരു മാന്യനാക്കുടി ശ്ലീഹായുടെ പക്കൽവന്നു വളരെ സാദ്ധ്യപ്പെട്ടപേക്ഷിച്ചതനുസരിച്ചു് അവരോടുകൂടെ തുകുപാലേശ്വരത്തേക്കു തിരികെ വന്നു. എന്നാൽ ആ ഗ്രാമക്കാർ താൻ സ്ഥാപിച്ചിട്ടുണ്ടായിരുന്ന സ്ലീവായെ അശുദ്ധമാക്കി നിന്ദിച്ചതിനാൽ, ആ ഗ്രാമത്തെ ശപിക്കുകയും സ്ലീവാ അവിടെനിന്നു് എടുത്തു നിരണത്തു കൊണ്ടുപോയി സ്ഥാപിക്കുകയും അവിടത്തെ പള്ളിയധികാരിയായി തോമ്മാഎന്ന വൈദികനെനിയമിക്കുകയും ചെയ്തു. മേൽപറഞ്ഞ ചായൽപള്ളി പതിനഞ്ചാം ശതാബ്ദംവരെ നിലനിന്നിരുന്നതായി ലക്ഷ്യങ്ങളുണ്ടു്. ആ കാലത്തു കാട്ടുമൃഗങ്ങളുടെ ഉപദ്രവംനിമിത്തം ജനങ്ങൾ കാഞ്ഞിരപ്പള്ളി മുതലായ ദിക്കുകളിൽ പോയി പാർത്തു. ചായൽപള്ളിയിലുണ്ടായിരുന്ന പരിശുദ്ധദൈവജനനിയുടെരൂപം കൊത്തുരുപവും അവർകാഞ്ഞിരപ്പള്ളിയിലേക്കുകൊണ്ടുപോയി. പ്രസ്തുതപള്ളിയുടെ അവശിഷ്ടങ്ങൾ ഇപ്പോഴുംകാണാവുന്നുണ്ടു്. ശ്ലീഹാ കോക്കമംഗലത്തേക്കു കരമാർഗ്ഗം യാത്രയുടനെ. (*) വി ശ്ലീഹാ അവിടെഎത്തി ഒരു കൊല്ലം താമസിച്ചു, വളരെപ്പേരെ മാമ്മോദീസാ മുക്കുകയും സ്ലീവാ സ്ഥാപിക്കുകയും ചെയ്തു. അവിടെനിന്നു കൊട്ടക്കാ

(*) സൂചന. — നിരണം, ചായൽ എന്നീ സ്ഥലങ്ങളിൽനിന്നു കോക്കമംഗലത്തേക്കും അവിടെനിന്നു ടി. സ്ഥലങ്ങളിലേക്കും കരമാർഗ്ഗം ഒന്നിലധികം പ്രാവശ്യം ശ്ലീഹാ യാത്രചെയ്തിട്ടുള്ളതായി കാണുന്നു. ആ സ്ഥിതിക്കു പൂർവ്വപള്ളികളിൽ ഒന്നായ അരുവിത്തുറയിലും മറ്റും ഒരം വിശുദ്ധൻ ചെന്നിട്ടുള്ളതായി പറയുന്ന നാട്ടുപാരമ്പര്യം തീരെ അടിസ്ഥാനരഹിതമാണെന്നു തോന്നുന്നില്ല.

യൽ എന്നു പറയപ്പെട്ടിരുന്ന പറവൂരിലേക്കു പുറപ്പെട്ടു. അവിടെ എത്തിയദിവസം അമ്പലത്തിൽ ഒരുത്സവമായിരുന്നു. ജനങ്ങൾ ബിംബത്തെ ആനപ്പുറത്തുവച്ചു പ്രദക്ഷിണം ചെയ്യുമ്പോൾ ശ്രീഹായെക്കണ്ട്, ജനങ്ങളെ വഷളാക്കുന്ന ആ മന്ത്രവാദി ഇതാ വന്നിരിക്കുന്നു എന്നു പറഞ്ഞ് അധിക്ഷേപിക്കയും അദ്ദേഹത്തിന്റെ നേരെ കല്ലെറിയുകയും ചെയ്തു. അപ്പോൾ ദൈവത്തോടു പ്രാർത്ഥിച്ചതിനാൽ, പെട്ടെന്നു ആകാശം കാർമേഘംകൊണ്ടു നിറഞ്ഞ് ഇടിയും മിന്നലും ഉണ്ടാകയും തന്നിമിത്തം ആനയും അകമ്പടിയായി പോയിരുന്ന ചില മനുഷ്യരും ചത്തുവീഴുകയും ബിംബം തകർന്നുപോകയും ചെയ്തു. ജനസഞ്ചയം ഇതുകണ്ട് അത്യന്തം പരിഭ്രമിച്ചു വിസ്മയപരവശരായി തീർന്നു. അപ്പോൾ ശ്ലീഹാ, ഹാ! ജനങ്ങളെ! നിങ്ങളുടെ വ്യർത്ഥമായ വിഗ്രഹാരാധനയെ ഉപേക്ഷിച്ച്, ഇത്രവലിയ അത്ഭുതശക്തിയെ നിങ്ങളുടെ സമക്ഷം കാണിച്ച സത്യദൈവത്തെ ആരാധിക്കുവിൻ എന്നു പറഞ്ഞു. അതിനു ജനങ്ങൾ "ഞങ്ങളുടെമേൽ ദയയായിരിക്കണമെന്നു നിന്റെ ദൈവത്തോടു പ്രാർത്ഥിക്കേണമെ" എന്നു അപേക്ഷിച്ചു. അപ്പോൾ ശ്ലീഹാ, ദൈവത്തിനു നിങ്ങളെ രക്ഷിക്കേണമെന്നല്ലാതെ നശിപ്പിക്കണമെന്നു കരുതലില്ല എന്നു പറഞ്ഞു വെള്ളം ആശീർവ്വദിച്ചു മൂന്നുശരീരങ്ങളുടെ മേൽ തളിക്കയും ശ്ലീവാ അടയാളം വരയ്ക്കയും ചെയ്തു. ഉടനെ അവരെല്ലാവരും ഉയർത്തു. ഇതിനാൽ സകലജനങ്ങളും ഏറ്റവും അത്ഭുതപ്പെട്ട്, ശ്ലീഹായുടെ ഉപദേശം വിശ്വസിച്ചു ജ്ഞാനസ്നാനം കൈക്കൊണ്ടു. വിശുദ്ധ ശ്ലീഹാ ഇവിടെ ഒരുവർഷം താമസിച്ചു, സത്യവേദം പ്രസംഗിച്ചു വളരെപ്പേരെ മാമ്മോദീസാ മുക്കുകയും ആരാധനസ്ഥായി ശ്ലീവാ സ്ഥാപിക്കയും ചെയ്തു.

അവിടെനിന്നു കൊടുങ്ങല്ലൂർ ചെന്നാറെ, സകലവും തന്റെ ഉപദേശംപോലെ ഭംഗിയായി നടന്നുവരുന്നതുകണ്ടു സന്തുഷ്ടനായി തീർന്നു. ഇവിടെ ഏതാനും ദിവസം താമസിച്ചതിനുശേഷം വടക്കു പാലൂരിലേക്കു പോയി. ആ പട്ടണത്തിൽ ബ്രാഹ്മണരുടെ ഒരു വലിയഅമ്പലവും യൂദന്മാരുടെ ജപസ്ഥാനവും മറ്റും ഉണ്ടായിരുന്നു. വിശുദ്ധ ശ്ലീഹാ യൂദന്മാരുടെകൂടെ താമസിക്കയും ശനിയാഴ്ചതോറും അവരുടെ ജപാലയത്തിൽ പോയി ഉപദേശിക്കയും വളരെ യൂദന്മാരെ സത്യമാർഗ്ഗത്തിൽ ചേർക്കയും ചെയ്തു. 'യൂദക്കുന്നു' എന്നു പേരായ ഒരു സ്ഥലം ഇപ്പോഴും അവിടെയുണ്ട്. ഒരു ദിവസം അമ്പലത്തിന്റെ കുളത്തിൽ കുളിച്ചിരുന്ന ബ്രാഹ്മണർ വെള്ളം മുകളിലേക്കു എറിയുന്നതു കണ്ടു, ഇതിന്റെ സാരമെന്തെന്നു ശ്ലീഹാ ചോദിച്ചു. അതിനു അവർ ദേവന്മാർക്കു സമർപ്പിക്കയാണു എന്നുത്തരം പറഞ്ഞു. ദേവന്മാർ അതു കൈക്കൊള്ളുന്നെങ്കിൽ എന്തുകൊണ്ടാണു താഴേക്കു പോരുന്നതു എന്നു ശ്ലീഹാ ചോദിച്ചതിനു, അതു സ്വാഭാവികമാണ് എന്നു അവർ മറുപടി പറഞ്ഞു. അപ്പോൾ ശ്ലീഹാ, ഞാൻ വെള്ളം മുകളിൽ നിറുത്തുന്നതായാൽ ഞാൻ അറിയിക്കുന്ന സത്യദൈവത്തെ നിങ്ങൾ വിശ്വസിക്കുമോ എന്നു ചോദിച്ചതിൽ, ഞങ്ങൾ വിശ്വസിച്ചുകൊള്ളാമെന്നു അവർ സമ്മതിച്ചപ്പോൾ, ശ്ലീഹാ വെള്ളം മുകളിൽ എറിഞ്ഞു അവിടെ നിറുത്തികാണിച്ചുകൊടുത്തു. ഈ അത്ഭുതംകണ്ടു അവർ വിശ്വസിച്ചു സത്യവേദം അനുസരിച്ചു. എന്നാൽ വിശ്വസിക്കാതിരുന്നവർ ആ പട്ടണത്തെ ശപിച്ചു 'ശാപക്കാട്' എന്നു വിളിക്കയും മേലിൽ അവിടെ കുളിക്കയാകട്ടെ ഭക്ഷിക്കയാകട്ടെ ചെയ്യുകയില്ലെന്നു ശപഥംചെയ്തു വെണ്മണാട്ടു എന്ന സ്ഥലത്തേക്കു പോകയുംചെയ്തു. ഈ സംഭവം പാവർട്ടി എന്ന സ്ഥലത്തുള്ള ഒരു ബ്രാഹ്മണകുടുംബത്തിൽ പൂർവ്വികമായി സൂക്ഷിച്ചുവരുന്ന ഒരു ഗ്രന്ഥത്തിൽ പറയപ്പെട്ടിരിക്കുന്നതായി വിശ്വാസയോഗ്യമായ അറിവുണ്ട്.

പൂർവ്വ അമ്പലങ്ങളുടെയും മറ്റും അവശിഷ്ടങ്ങൾ പാലൂർപള്ളി സ്ഥിതിചെയ്യുന്ന സ്ഥലത്തു് ഇപ്പോഴും ധാരാളം കാണാവുന്നതാണ്. പ്രസ്തുത ശപഥം അനുസരിച്ചു് ഇപ്പോഴും ചില ബ്രാഹ്മണർ പാലൂർവച്ചു ഭക്ഷണം കഴിക്കുകയില്ലെന്നാണ് അറിയുന്നതു്. വിശുദ്ധ ശ്ലീഹാ ഇവിടെ ഒരുവർഷം താമസിച്ചു സുവിശേഷം പ്രസംഗിക്കയും വളരെ ആളുകളെ മാമ്മോദീ

സാ മുക്കുകയും അവരുടെ വണക്കത്തിനാ യി ഒരു സ്റ്റീവാ സ്ഥാപിക്കുകയും ചെയ്തു. ഒൻ കന്നി അവസാനത്തിൽ ചോഴപ്പെ രുമാൾ അയച്ച ആളുകൾ ഒരുമിച്ചു കര മാർഗ്ഗമായി മൈലാപ്പൂരിലേക്ക് തിരിച്ചു.

(തുടരും)

വി. അൽഫോൻസ് ഡൊറിഗ്വാസിന്റെ ജീവചരിത്രം.

മൂന്നാം അദ്ധ്യായം.

അൽഫോൻസ് ഈശോസഭയിൽ പ്രവേശിക്കുന്നു.

അൽഫോൻസ് നിരന്തരമായി ചെയ്തുകൊണ്ടിരുന്ന കഠിനതപഃക്രിയകൾ മൂലാന്തരം ശരീരം അശേഷം ശോഷിച്ചും ക്ഷീണിച്ചും കാണപ്പെട്ടതിനാൽ അദ്ദേഹത്തെ ഈശോസഭയിൽ ചേർക്കുന്ന സംഗതിയിൽ ആ സഭയിലെ ആലോചനക്കാരുടെ അഭിപ്രായം കേവലം പ്രതികൂലമായിട്ടാണു പരിണമിച്ചത്. എങ്കിലും അന്നു പുണ്യംകൊണ്ടും ശാസ്ത്രംകൊണ്ടും വളരെ പ്രസിദ്ധി സമ്പാദിച്ചിരുന്ന പ്രസ്തുത സഭയുടെ പ്രാദേശിക ശ്രേഷ്ഠനായ കെർദെസ്സൂസ് എന്ന വന്ദ്യഗുരു ഇദ്ദേഹത്തെപ്പറ്റി ടി. അച്ചന്മാരോടു ഇപ്രകാരം പറകയുണ്ടായി. നമ്മുടെ സഭയ്ക്കു ഒരു പുണ്യവാൻ നഷ്ടപ്പെടാതിരിക്കണമെങ്കിൽ അൽഫോൻസിനെ സഭയിൽ കൈക്കൊള്ളണമെന്നാണു എനിക്കു തോന്നുന്നത്. അദ്ദേഹത്തിന്റെ തപസ്സ്, ജപം ഇവകളും പുണ്യമാതൃകയും നമുക്കു വളരെ ഉപകാരമായി ഭവിക്കും. ഇതു കേട്ടപ്പോൾ എല്ലാവരും അൽഫോൻസിനെ ആഹ്ലാദപൂർവ്വം സഭയിൽ ക്രട്ടെണമെന്നു തീർച്ചയാക്കി. ഇപ്രകാരം ൧൫൯൫ ജനുവരി മാസം അൽഫോൻസിന്റെ നാല്പതാമത്തെ വയസ്സിൽ വലെൻസ്യാ നഗരത്തിലുള്ള ടി. സഭാമന്ദിരത്തിൽ വി. ഇനാസ്സിയോസിന്റെ ജ്ഞാനപുത്രന്മാരിൽ ഒരുവനായി അദ്ദേഹം സ്വീകരിക്കപ്പെട്ടു. ഈശോസഭയിൽ ചേർന്നതിന്റെ തലേരാത്രി പ്രസ്തുത ആശ്രമത്തിൽ ആദ്യമായി പ്രവേശിച്ചു അത്യാനന്ദത്തോടുകൂടി സ്വന്ത കിടക്കയെ നിലത്തു വിരിച്ചു നിദ്രചെയ്യുന്നതിനു ആരംഭിച്ചു ഏകദേശം പാതിരാത്രിയായപ്പോൾ അയാൾ കിടന്നിരുന്ന മുറിയുടെ ജന്നലിന്നടുത്തു ഏറ്റവും ഉച്ചസ്വരത്തിൽ അദ്ദേഹത്തെ ആരോ വിളിക്കുന്നതായി കേട്ടു. ഉടൻ എഴുന്നേറ്റു ജന്നൽ തുറന്നുനോക്കിയതിൽ, പണ്ടു ഋഷി വേഷധാരനായി കാണപ്പെട്ട ആളാണെന്നു ഗ്രഹിച്ചു. എങ്കിലും മുമ്പു വനത്തിൽവച്ചു തന്നോടു ചെയ്ത സംഭാഷണത്തിന്റെ സ്നേഹമാധുര്യവും ഇപ്പോൾ സിംഹംപോലെ ഗർജ്ജിക്കുന്ന ധ്വനിയുടെ കാഠിന്യവും തമ്മിൽ വളരെ വ്യത്യാസപ്പെട്ടിരുന്നതു കണ്ടു അത്ഭുതപ്പെട്ടുപോയി. ക്രൂരാത്മാവായ അവൻ പറഞ്ഞിരുന്ന ഭയങ്കരമായ അസഭ്യങ്ങളും ദൂഷണങ്ങളും കേട്ടതിനോടെ, അതു നരകളുതനായ ഒരു ദുഷ്ടാത്മാവിയാണെന്നു തീർച്ചയാക്കി, ദൈവസഹായം അപേക്ഷിച്ചു: ഉടൻ ആ അന്ധകാരപ്രഭ മറഞ്ഞുപോകയും ചെയ്തു. ഈ സംഭവത്തിന്റെ ഫലമായി, അൽഫോൻസ് സന്ന്യാസ വിളിപ്പിൽ ഒന്നുകൂടി സ്ഥിരപ്പെടുകയാണുണ്ടായത്. പിന്നീട്, നവസന്ന്യാസജീവിതം ആരംഭിച്ചതിന്റെ ശേഷം സേച്ഛാനിയന്ത്രണം, ഉപവാസം, ജപം, ഇത്യാദി സുകൃതാഭ്യാസങ്ങളിൽ ശേഷം സന്ന്യാസികൾക്കു ഒരു ഉത്തമമാതൃകയും കണ്ണാടിയുമായി പരിലസിച്ചിരുന്നു. ആറുമാസത്തിന്റെ ശേഷം, മയൊർക്കാ നഗരത്തിലുള്ള ആശ്രമത്തിലേക്കു അയക്കപ്പെടുകയും അവിടെ മരണംവരെ പാർക്കുകയുംചെയ്തു. അല്ഫോൻസു തനിക്കു സിദ്ധിച്ച സന്ന്യാസവിളിപ്പിനെ ഏറ്റവും സാരമായിമതിച്ചിരുന്നതിനാൽ, അതിൽനിന്നു തള്ളപ്പെടുക്കുമോ എന്നുള്ള വല്ലാത്തായ ഭീതിയോടുകൂടി സന്ന്യാസാന്തസ്സിൽ അവസാനപര്യന്തം നിലനില്ക്കുന്നതിനുള്ള വരപ്രസാദത്തെ ദൈവത്തോടു നിരന്തരമായി പ്രാർത്ഥിച്ചിരുന്നു. ഇങ്ങനെ ഒരു ദിവസം ആകുലപ്പെട്ട വളരെ കണ്ണുനീർചൊരിഞ്ഞു പ്രലപിക്കയും 'കർത്താവെ! എന്നെ വിണ്ടും ലൌകികജീവിതത്തിലേക്കു അയക്കുവാൻ സമ്മ

തിക്കരുതെ' എന്നു അപേക്ഷിക്കയും ചെയ്യുണ്ടായി. ഉടനെ "അല്ലോൻസെ, നിന്നെ എന്റെ ശുശ്രൂഷയ്ക്കു വിളിപ്പാൻ തിരുച്ചിത്തമായ എന്റെ വരപ്രസാദം നിനക്കു മതിയായിരിക്കുന്നു" എന്നു പറയുന്നതായ ഒരു ശബ്ദം കേട്ടതിനോടെ, വളരെ ഹൃദയസമാധാനവും സന്തോഷവും അനുഭവിക്കയും ശുഭമായി ദൈവശുശ്രൂഷയിൽ നിലനിൽക്കുന്നതിനു വേണ്ടിയവകൾ എന്തെല്ലാമെന്നു ദൈവകൃപയാൽ തെളിവായി ഗ്രഹിക്കയും ചെയ്തു.

൨–ാം അദ്ധ്യായം.

അൽഫോൻസിനുണ്ടായ പരീക്ഷകൾ

൧൭൯൨. ഏപ്രിൽ ൭–ാംനു- നവസന്ന്യാസ കാലാവധി തികഞ്ഞു, ഈശോസഭയിലെ വ്രതങ്ങൾ അനുഷ്ഠിച്ചു. അനന്തരം പുണ്യസാംഗോപാംഗത്തിൽ അത്യധികമായ തീഷ്ണതയോടുകൂടി വർദ്ധിച്ചുവരികയിൽ അദ്ദേഹത്തിന്റെ പുണ്യവിശേഷതകളെ കണ്ടു അത്യന്തം പ്രസാദിച്ചിരുന്ന ദൈവം അയാളുടെ മനസ്സിനെ കുറെക്കൂടി പരീക്ഷിച്ചു, ശുദ്ധീകരിക്കുന്നതിനു ചിത്തമായതിനാൽ, പിശാചുക്കൾക്കു ഈ മഹാത്മാവിനെപരീക്ഷിക്കുന്നതിനു പൂർണ്ണാനുവാദം നൽകി. തന്നിമിത്തം ആ ദുഷ്ടാത്മാക്കൾ കൂട്ടംകൂട്ടമായി വന്നു ഈ പുണ്യാത്മാവിന്റെ കന്യാവ്രതത്തിനു ഭംഗം വരുത്തുന്നതിലേക്കു ഏറ്റവും ഭയങ്കരമായ ദുർവ്വിചാരങ്ങളാലും മറ്റും നിരന്തരമായി പരീക്ഷിച്ചിരുന്നു. ഈ പുണ്യാത്മാവാകട്ടെ ആ അശുദ്ധ ഭൂതങ്ങളെ കാണാതിരിപ്പാൻ വേണ്ടി കണ്ണുകൾ ഭദ്രമായി അടച്ചു, ഈശോമശിഹായോടും അങ്ങേ തിരുമാതാവിനോടും സകല മോക്ഷവാസികളോടും അശ്രുധാര ഒഴുക്കിക്കൊണ്ടു സഹായം അപേക്ഷിച്ചിരുന്നു. എങ്കിലും ആ പ്രാർത്ഥനകളെ ആരുംതന്നെ കേൾക്കുന്നില്ലെന്നു അദ്ദേഹത്തിനു തോന്നിയിരുന്നു. എന്നവരികിലും തന്റെ പ്രിയ ശുശ്രൂഷിയുടെ ഹൃദയനെടുവിർപ്പുകളേയും പ്രലാപങ്ങളേയും ദയാപരനായ സർവ്വേശ്വരൻ കേൾക്കാതിരുന്നില്ല. എന്തെന്നാൽ ഈ ഭയങ്കരമായ യുദ്ധത്തിൽ അദ്ദേഹത്തിനു യാതൊരു ഹാനിയും വരാതിരിക്കുവാനായി ഈ നരക ആക്രമങ്ങളെ ഒക്കയും ദൈവസ്നേഹത്തെക്കുറിച്ചു തള്ളിക്കളഞ്ഞു വിജയം പ്രാപിക്കുവാൻ മതിയായ ധൈര്യവും വരപ്രസാദവും ദൈവം അദ്ദേഹത്തിനു നൽകിയിരുന്നു.

൧൮൯൨ . ൨. ൮

റോജർ ബെക്കൺ.

ബ്രിട്ടീഷ് സാമ്രാജ്യത്തിലെ വിദ്വാനികേതവും പിശപ്രശ്രുതവുമായ ഓക്സ്ഫോർഡ് സർവ്വകലാശാലയിൽ, പ്രോട്ടസ്റ്റാന്റു ഇംഗ്ലണ്ടിലെ ശാസ്ത്രവിപുണന്മാരുടെയും, സാഹിത്യപണ്ഡിതന്മാരുടെയും, സമുദായ നേതാക്കന്മാരുടെയും ഏകീഭവിച്ച പരിശ്രമഫലമായി കഴിഞ്ഞ ജൂൺ ൧൮–ാംനു- അദ്ഭുതപൂർവ്വമായ ഒരു ആഘോഷം നടത്തപ്പെട്ടു. ഇംഗ്ലണ്ടു കത്തോലിക്കാമതനിഷ്ക്രയിൽ പരിചയസിച്ചിരുന്നകാലത്തു പ്രസ്തുത ശാസ്ത്രമന്ദിരത്തിലേക്കു തത്പരലോകത്തെ അകർഷിച്ചിരുന്ന, ശ്യാമവസ്ത്രധാരിയായ റോജർ ബെക്കൺ എന്ന ഒരുപ്രാംസീസ്കോസ് സഭാസന്ന്യാസിയുടെ ജനനത്തിന്റെ സപ്തമ ശതാബ്ദപൂർത്തിയായിരുന്ന ആ സുദിനത്തിൽ ആഘോഷിക്കപ്പെട്ടതു്.

ഈ മഹാൻ സോമർസഷയർ എന്ന സ്ഥലത്തു ൧൨൧൪–ൽ ജനിച്ചു. ഓക്സ്ഫോർഡിലും പാരീസിലും ചെന്നു വിദ്യാഭ്യാസം ചെയ്തു. എഡ്മൻറ്, റോബർട്ടഗ്രോസെട്ടെസ്റ്റെ, മഹാനായ ആൽബർട്ടസ് ആദിയായ ശാസ്ത്രകോവിദന്മാരുടെ കീഴിൽ ഇദ്ദേഹം വിദ്യാസമ്പാദനംചെയ്തു. ഗണിതശാസ്ത്രം, പ്രകൃതിവിജ്ഞാനം, സാഹിത്യം വേദാന്തം ഇവയിൽ അത്യാസക്തി പ്രദർശിപ്പിച്ചിരുന്നു. ൧൨൪൭–ൽ ബെക്കൺ പ്രാംസീസ്കോസുസഭയിൽ ചേർന്നു. അതിൽപിന്നെ മരണപര്യന്തം ശാസ്ത്രരംഗത്തിൽ അദ്ദേഹം അഭിനയിച്ച നാടകം അക്കാലത്തെ വിസ്മയങ്ങളിൽ ഒന്നായിത്തന്നെ ഗണിക്കപ്പെട്ടതാണു. ഓക്സ്ഫോർഡിലെ പ്രാംസീസ്കോ ശാലയിൽവച്ചു തന്റെ മാതാവായ കത്തോലിക്കസഭയ്ക്കും താൻ ഉൾപ്പെട്ട സന്ന്യാസകുടുംബത്തിനും ശാശ്വതമായ കീർത്തിയെ

ജനിപ്പിക്കത്തക്ക വിധത്തിൽ അനേക കൊല്ലങ്ങളോളം ഗൗരവതരങ്ങളായ പ്രസംഗങ്ങൾ നടത്തി. ഇദ്ദേഹത്തിന്റെ സ്വരവും കീർത്തിയും ഒന്നാമതായി ലോകമെങ്ങും വ്യാപിച്ചു. നാനാഭാഗങ്ങളിൽ നിന്നും വിദ്യാർത്ഥികൾ അദ്ദേഹത്തിന്റെ പക്കൽ ഓടിക്കൂടിയിരുന്നു. തന്റെ സഹപാഠിയായ വി. തോമാഅക്വീനാ തൈവികശാസ്ത്രത്തിൽ പ്രാപിച്ചിരിക്കുന്ന അനന്യസിദ്ധമായ പദവിയെതന്നെയാണ് ബെക്കൺ പ്രകൃതിശാസ്ത്രങ്ങളിൽ പ്രാപിച്ചിരിക്കുന്നതു്. പ്രസംഗങ്ങൾക്കെന്നപോലെതന്നെ ഗ്രന്ഥരചനയിലും അദ്ദേഹം സമർത്ഥനായിരുന്നു. വ്യം കൊല്ലങ്ങൾക്കുള്ളിൽ വിശിഷ്ടങ്ങളായ വ്യം മഹാഗ്രന്ഥങ്ങളെ അദ്ദേഹം രചിച്ചിട്ടുണ്ട്. ഇതിൽ പ്രതിപാദിക്കയും വിശദീകരിക്കയും ചെയ്യപ്പെടാത്തതായി തത്വത്തിൽ ഒന്നുംതന്നെയില്ല. തത്വശാസ്ത്രത്തിലും വേദാന്തത്തിലും അദ്ദേഹത്തിന്റെ വിധികൾ ഖണ്ഡിതമായിരുന്നു. ഗ്രീക്ക്, എബ്രായ, അറബി എന്നീ ഭാഷകളും ഗണിതവും അദ്ദേഹത്തിനു അധീനമായി. അക്കാലത്തു കേവലം നാമമാത്രമായിരുന്ന പ്രേരകതർക്കം (Inductive logic) ശാസ്ത്രത്തിന്റെ പിതാവെന്നു വിളിക്കപ്പെടുവാൻ മാത്രം അതിനെ വികസിപ്പിച്ചു പൂർത്തിയാക്കിയിട്ടുണ്ട്. പ്രകൃതിയും രസായനവും ജ്യോതിഷവും സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ എല്ലാ അഭ്യാസങ്ങളിലും പരീക്ഷകളിലും അതിന്റെ പ്രമാണങ്ങളനുസരിച്ചാണ് പ്രവർത്തിച്ചിരുന്നതു്. പരിശ്രമം പൂർണ്ണതയിൽ എത്തിയതായി വിചാരിച്ചുപോരുന്ന നമ്മുടെ ഈ കാലത്തെ വലുതായ പല കണ്ടുപിടിത്തങ്ങളും ബെക്കൺ പണ്ടേതന്നെ പരിശോധിച്ചു വച്ചിട്ടുള്ളവയാണ്. അദ്ദേഹത്തിന്റെ (Scientia Perspectiva) എന്ന ഒരു പുസ്തകത്തിൽ വെളിച്ചത്തിന്റെ പരിവർത്തനം, രശ്മിവക്രത, കിരണവിശ്ലേദനം, ചലനവേഗത ആദിയായ ഗുണങ്ങളെപ്പറ്റി തെളിവായും ക്ലിപ്തമായും, ദർശകവിദ്യയുടെയും യന്ത്രികതത്വത്തിന്റെയും മൂലപ്രമാണങ്ങളെ നാം ഇപ്പോൾ അറിഞ്ഞിരിക്കുന്നേടത്തോളം പൂർണ്ണതയോടുകൂടിയും പ്രതിപാദിച്ചിട്ടുണ്ട്. ഇതിൽനിന്നു കണ്ണാടി, ദഹനദർപ്പണം, ഭൂതക്കണ്ണാടി മുതലായവയുടെ ഉപയോഗത്തേയും ജലമജ്ജനയന്ത്രം, വായുപ്രക്ഷേപകയന്ത്രം, ചരായാലേഖനയന്ത്രം, മോട്ടോർ വണ്ടി, മോട്ടോർബോട്ട, തീവണ്ടി, അവിക്കപ്പൽ, വിമാനം എന്നിവയുടെ സാധ്യതയേയും സുലഭമായും ന്യായസമേതവും തെളിയിച്ചിട്ടുമുണ്ട്. ഈയിടെ സർ ജോൺ സാൻഡ്സ് എന്ന മഹാൻ ബ്രിട്ടീഷ് പണ്ഡിതസഭയിൽ വച്ചു ചെയ്ത ഒരു പ്രസംഗത്തിൽ- "കൊളമ്പസ്, ഫെർഡിനാൻറു രാജാവിന്റെയും, ഇസബെല്ല രാജ്ഞിയുടെയും സമക്ഷം ബെക്കൺന്റെ ഭൂമിശാസ്ത്രത്തിലെ ഒരു ഭാഗം ഉദ്ധരിച്ചുകൊണ്ടാണ് നൂതനലോകത്തെ കണ്ടുപിടിപ്പാനുള്ള തന്റെ ശ്രമം ശക്യമാണെന്നു കാണിച്ചതു്" എന്നു പറഞ്ഞിരിക്കുന്നു. ക്രൂശതെയും പാം നൂറാണ്ടിന്റെ ശ്രേയസ്സായി ഇനിയും ഘോഷിച്ചു തീർന്നിട്ടില്ലാത്ത 'റാഡിയം' ഈ കുശാഗ്രബുദ്ധിക്കു മറയപ്പെട്ടതല്ലായിരുന്നു എന്നു് അതിന്റെ ശക്തിയേയും ഗുണങ്ങളേയും പറഞ്ഞു അദ്ദേഹം എഴുതിയിട്ടുള്ളവ ധാരാളം തെളിയിക്കുന്നുണ്ട്. ഇതിനും പുറമെ ചെടിമരുന്നു കണ്ടുപിടിക്കയും അതുണ്ടാക്കുവാനുള്ള വിധത്തെപ്പറ്റി വിസ്തരിച്ചു എഴുതുകയും ചെയ്തിട്ടുമുണ്ട്. എങ്കിലും അതിൽനിന്നുണ്ടാകുവുന്ന നശീകര ഫലങ്ങളെ ഓർത്തിട്ട് അതിനു അവശ്യം ചേരേണ്ടതായ കരിയുടെ പേര പറഞ്ഞില്ല. യൂറോപ്പിലെ ഇപ്പോഴത്തെ സ്ഥിതി ആലോചിക്കുന്നതായാൽ ബെക്കൺ ചെയ്തതു അവിവേകമായിപ്പോയി എന്നു ആരും പറകയില്ല. ജൂലിയൻ പഞ്ചാംഗത്തിലെ തെറ്റു കണ്ടുപിടിച്ചതും ഗ്രിഗോരി പന്ത്രണ്ടാമൻ അതിനെ തിരുത്തുന്നതിനിടയാക്കിയതും ഇദ്ദേഹത്തിന്റെ പരിശ്രമഫലങ്ങളാണ്. ഈ പിശകാണ് നമ്മുടെ ഇടയിലുള്ള 'പഴെ കണക്ക്' ചൂണ്ടിക്കാണിക്കുന്നതു്. വേദപുസ്തക പരിശോധനയും വേദോപദേശ പ്രസംഗവും സംബന്ധിച്ചു ഈ മഹാൻ അതിരുരേഖപ്പെടുത്തിയിരുന്നവയെയാണ് പരിശുദ്ധ പിതാവായ പാപ്പാ പീയൂസ് മാപ്പാ

പ്പോ അവിടത്തെ ഗംഭീരമായ തിരുവെഴുത്തുകളാൽ സാധുകരിച്ചിട്ടുള്ളതു്. വേദാന്തത്തിൽ ബെക്കൺ ചെയ്ത രക്ഷസപ്രയത്നം ഇവിടെ വിവരിപ്പാൻ പ്രയാസം തന്നെ. ഇത്രമാത്രം അഗാധവിദ്യാകോവിദനായ ബെക്കണിനെ സഭ 'ഡിസ്മയറീയനായ മല്ലൻ' എന്ന നാമകരണം ചെയ്തതിൽ ഒട്ടും അതിശയിപ്പാനില്ലല്ലൊ.

ഇതിൽനിന്നുതന്നെ ഓക്സ്ഫോർഡിലെ ശതാബ്ദോഘോഷത്തിന്റെ മാഹാത്മ്യവും ഗ്രഹിക്കാവുന്നതാണു്. സ്വദേശീയരും വിദേശീയരുമായ അനവധി മഹാന്മാർ ഇതിൽ സംബന്ധിച്ചിരുന്നു. കെയിംബ്രിഡ്ജ്, പാരീസ്, വാഷിംഗ്ടൻ, കൊളമ്പിയ, ഡബ്ലിൻ എന്നീ സർവ്വകലാശാലകൾ ഈ അവസരത്തിൽ പ്രതിനിധികളെ അയച്ചിരുന്നു. വത്തിക്കാൻ ഗ്രന്ഥശാലയുടെ അധിപനായ മൊൺസിഞ്ഞോർ റാത്തിയും പ്രഞ്ച് പണ്ഡിത സഭയുടെ പ്രതിനിധ്യം വഹിച്ചിരുന്ന കൌണ്ട് ഹാവുസെല്ലിനും, വൈദിക ഗണത്തിലും പ്രത്യേകിച്ചു പ്രൊട്ടസ്റ്റന്റ് സഭയിലും, ലൌകിക ഗണത്തിലും ഉൾപ്പെട്ട വളരെ വിദ്വാന്മാരും പ്രഭുക്കളും യോഗത്തെ അലങ്കരിച്ചിരുന്നു. ശതാബ്ദസ്മാരകമായി ബെക്കൺന്റെ ഒരു ശിലാപ്രതിമ ആഘോഷപൂർവ്വം കലാശാലയിൽ സ്ഥാപിച്ചു. തദവസരത്തിൽ സർവ്വകലാശാലയുടെ നന്മയെ സൂചിപ്പിക്കുന്നതിനായി അതിന്റെ ചാൻസലർ ആയ കർസൻ പ്രഭു 'കലാശാലാ'പ്രതിനിധി എന്ന നിലയിൽ ചെയ്ത പ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിച്ചു:- 'നമ്മുടെ ഒരു വലുതായ പിഴയെയാണു് ഇന്നു നാം പരിഹരിക്കുന്നതു. ഓക്സ്ഫോർഡിലെ കലാമാതാവു് ജനിപ്പിച്ചിട്ടുള്ള വിശ്രുതന്മാരുടെ ശ്ലാഘ്യ സ്മരണയിൽ വന്ന ഭവിച്ച ഒരു കേടുതീക്കുകയാണു് നാം ഇപ്പോൾ ചെയ്യുന്നതു്. ഈ ശാസ്ത്രശാലയെ അലങ്കരിച്ചിട്ടുള്ള വിസ്മനീയ ബുദ്ധിമാന്മാരിൽ റോജർ ബെക്കൺ നിസ്സംശയം പ്രഥമ നിരയിൽ സ്ഥിതിചെയ്യുന്നു. ആ മഹാൻ തത്വം, വേദാന്തം, വൈദ്യം, വ്യാകരണം, ഗണിതം, ജ്യോതിഷം, രസായനം, ഭൂമിശാസ്ത്രം, സസ്യശാസ്ത്രം, പ്രകൃതിശാസ്ത്രം, ധർമ്മശാസ്ത്രം, നീതിശാസ്ത്രം, ദർശനവിദ്യ, എന്നിവയിൽ പാണ്ഡിത്യം മാത്രമല്ല നായകത്വംകൂടി വഹിച്ചിരുന്നു. അഭിക്കുപ്പൽ, തീവണ്ടി, ആകാശക്കപ്പൽ, അവഗാഹിനി, കുഴൽ കണ്ണാടി, ഭൂതക്കണ്ണാടി, ചെടിമരുന്നു മുതലായ ഇക്കാലത്തെ കണ്ടുപിടിത്തങ്ങളുടെ മുന്നോടി എന്നു ന്യായമായി അദ്ദേഹം വിളിക്കപ്പെടുന്നു. ബെക്കൺ ഇംഗ്ലണ്ടിലെന്നല്ലാ ലോകത്തിൽതന്നെ കാണപ്പെട്ടിട്ടുള്ള മഹാബുദ്ധികളിൽവച്ചു്, യഥാർത്ഥത്തിൽ മഹാ ബുദ്ധിയായിരുന്നു.-' ഇതിനെ തുടർന്നു മറ്റു പല പ്രസംഗങ്ങളും ചടങ്ങുകളും നടന്നു. ഒടുവിൽ മൊൺസിഞ്ഞോർ റാത്തി, ഏതാദൃശങ്ങളായ ശാസ്ത്രോപജ്ഞേഷണങ്ങളിൽ ര-ാം ക്ലെമെൻസ് എന്ന മാപ്പാപ്പാ ഏതുപ്രകാരം ബെക്കണിനെ സഹായിച്ചിരുന്നെന്നും അതിനൊരു പ്രത്യക്ഷ ദൃഷ്ടാന്തം പറയണമെങ്കിൽ തിരുമേനിയുടെ സ്വന്തചെലവിലാണ് അദ്ദേഹം പുസ്തകങ്ങളും മറ്റു കൃതികളും രചിക്കയും പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുള്ളതെന്നും, അതിനാൽ മദ്ധ്യയുഗങ്ങളിൽ കത്തോലിക്കസഭ അജ്ഞതയുടെ മാതാവായിരുന്നെന്നു കുബുദ്ധികൾ പറയുന്നതു എത്ര അടിസ്ഥാനരഹിതമാണെന്നും, ഇതിനെ ഖണ്ഡിക്കുന്നതിനു ഇപ്പോഴെങ്കിലും ഓക്സ്ഫോർഡ് സർവ്വകലാശാല ശ്രമിച്ചതു അഭിമാനകരമാണെന്നും ന്യായപൂർവ്വം തെളിയിച്ചു ഇങ്ങനെ ആ മഹാദിനത്തിലെ ചടങ്ങുകൾ അവസാനിപ്പിച്ചു.

'ന. ടീ.'

ഒരു പുതിയ ദൈക്രത്തു.

കുരിശു, കൊന്ത, കാഴ്ചയുപകരണങ്ങളെ നിശ്ചയിക്കപ്പെട്ട യാതൊരു പ്രാർത്ഥനയൊ, വിശുദ്ധവസ്തുക്കളൊ മറ്റു വല്ല പ്രത്യേക ചടങ്ങുകളൊ കൂടാതെ ഒരു കുരിശടയാളം മാത്രം ഉപയോഗിച്ചുകൊണ്ടു് അശീർവ്വദിക്കുന്നതിനു വിശുദ്ധ സിംഹാസനം അനുവദിക്കുവാതിരുന്നിട്ടുണ്ടു്. ഏ

ന്നാൽ വൃത്യാസപ്പെട്ട വസ്തുക്കളെ ആശീർവ്വദിക്കേണ്ടതായി വരുമ്പോൾ ഓരൊ തരത്തിന്മേലും ഓരൊ കുരിശടയാളം ആവശ്യമുണ്ടൊ, അതൊ എല്ലാറ്റിനുംകൂടി പൊതുവെ ഒരു കുരിശടയാളം മതിയൊ എന്നു പല അവസരങ്ങളിലും സന്ദേഹം ജനിക്കാതിരുന്നില്ല. ഈ സന്ദേഹനിവാരണത്തിനായി, പരിശുദ്ധ പിതാവു് ക്ലാ-ാം പീയുസു മാപ്പാപ്പാ ഫൻപ്രു മെയിമാസം ക്വു-ാംനു- താഴെ കാണുംപ്രകാരം നിശ്ചയിച്ചു പ്രസ്താവിച്ചിരിക്കുന്നു:- ആശീർവ്വദിക്കുന്നതിനും ദണ്ഡവിമോചനം നൽകുന്നതിനുമുള്ള പല അധികാരം പ്രാപിച്ചിരിക്കുന്ന ഒരു പട്ടക്കാരന്റെ മുമ്പിൽ ഒരൊരൊ തരത്തിലുള്ള വയൊ പല ഇനങ്ങളിൽ പെട്ടവയൊ ആയി തമ്മിൽ യോജിപ്പിച്ചൊ, ഒന്നിച്ചുകൂട്ടിയൊ വെക്കപ്പെട്ടാൽ വിവിധ ഭക്തിവകഭേദങ്ങളെ ഒരു ഏക കുരിശടയാളം കൊണ്ടു് ആശീർവ്വദിക്കയും അതുകൾക്കു ദണ്ഡവിമോചനം നൽകുകയും ചെയ്യാവുന്നതാണു്.



തിരുഹൃദയഭക്തന്മാർ.

ഫൻപ്രു വൃശ്ചികമാസത്തിൽ വെക്കേണ്ട

പൊതുക്കരുതൽ.

"മരണാവസ്ഥയിൽ ഇരിക്കുന്നവരെ സഹായിക്ക."

ലോകത്തിൽ ഒരു ലക്ഷത്തിൽ പരം ആളുകൾ ദിനംപ്രതി മരിക്കുന്നുണ്ടെന്നു കണക്കാക്കിയിരിക്കുന്നു. മഹാശുകികൾ തമ്മിൽ യുദ്ധം ചെയ്യുന്ന ഈ കാലങ്ങളിൽ ഈ പറഞ്ഞ കണക്കിൽ അധികം ആളുകൾ മരിക്കുന്നുണ്ടു്. ഇവരിൽ ഇന്നവൻ ഉമ്മരണമായി മരിച്ചു നരകത്തിൽ പോയി എന്നു നമുക്കു തീർച്ചയായി പറവാൻ പാടില്ല; മരം എങ്ങൊട്ടു ചാഞ്ഞിരിക്കുമൊ അങ്ങൊട്ടു വീഴുക പതിവാണെങ്കിലും ദൈവാനുഗ്രഹം അറുതിയില്ലാത്തതാകയാൽ മരണനേരത്തു മഹാപാപികൾ ക്രൂടെയും പൂർണ്ണമനസ്താപവും പാപവിമോചനവും പ്രാപിച്ചു് നിത്യമായി രക്ഷപെടുന്നതിനു പാടുണ്ടു്. ഈ അന്ത്യ വരപ്രസാദം കരുണാനിധിയായ സർവ്വേശ്വരൻ നൽകുന്നതിനു പ്രത്യേകം അപേക്ഷിക്കേണ്ടിയിരിക്കുന്നു. ഈ അന്ത്യ വരപ്രസാദം അസാമാന്യ അനുഗ്രഹമായിരിക്കുന്നു. ഈ സമയത്താകുന്നു നിത്യരക്ഷ അഥവാ നിത്യനാശം നിശ്ചയിക്കുന്നതു്. ജീവിതകാലത്തിൽ ഒരു പാപി മനസ്സു തിരിഞ്ഞാലും വീണ്ടും പാപം ചെയ്യുന്നതിനും നശിച്ചുപോകുന്നതിനും പാടുണ്ടു്. കടശി നൽമരണം പ്രാപിച്ചാൽ നിത്യാനന്ദഭാഗ്യത്തിൽ ചെന്നുചേരുന്നതു നിശ്ചയമാകുന്നു. ഇതിനാൽ ഏവർക്കും എളുപ്പമായ അപേക്ഷ എന്ന ഈ പോംവഴി പിടിച്ചു് അനേകലക്ഷം ആത്മാവുകളെ മരണസമയത്തിൽ രക്ഷിപ്പാൻ പാടുണ്ടു്.

ആകയാൽ ദിവസവും എന്നല്ല ദിവസത്തിൽ പല പ്രാവശ്യവും മരണപ്രമാദം അനുഭവിച്ച ഈശോയുടെ തിരുഹൃദയമെ! മരിക്കുന്നവരുടെ മേൽ കൃപയായിരിക്കേണമെ! എന്ന സുകൃതജപം ചൊല്ലി ന. ക. ഈശോയുടെ മധുരമേറുന്ന തിരുഹൃദയത്തൊട്ടു തിരുഹൃദയ ഭക്തർ പ്രത്യേകം അപേക്ഷിക്കേണ്ടിയിരിക്കുന്നു.

ലോകവർത്തമാനച്ചുരുക്കം.

പതിനഞ്ചാം ബനദിക്തൊസ് മാപ്പാപ്പാ തിരുമനസ്സിലെ സ്റ്റെററു സെക്രട്ടരിയായിരുന്ന അത്യുന്നത കർദ്ദിനാൾ ഫെറാത്തി അവർകൾ കഴിഞ്ഞമാസത്തിൽ മരിച്ചതിനാൽ പകരം അത്യുന്നത കർദ്ദിനാൾ ഗസ്പാരി അവർകൾ തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

കഴിഞ്ഞ കന്നിമാസം ന്യു-ാംനു- ഞായറാഴ്ച ഉച്ചകുമുമ്പു വത്തിക്കാനരമ

നയിൽ സിസ്റ്റിൻകപ്പേളയിൽവച്ചു നമ്മുടെ പരിശുദ്ധ പിതാവു് ൧൯–ാം ബനഡിക്തോസ് മാപ്പാപ്പാ തിരുമനസ്സുകൊണ്ടു മഹാ ആഘോഷപൂർവ്വം മൂന്നു കിരീടങ്ങളടങ്ങിയ "ത്രിരാജിത" (Triregnum) മകുടമുടി ധരിപ്പിക്കപ്പെട്ടു. ഈ ശുഭാവസരത്തിൽ ഭൂവകർത്താക്കന്മാരും അനേകം മെത്രാന്മാരും പട്ടക്കാരും രാജപ്രതിനിധികളും പ്രഭുക്കളും മാടമ്പികളും വിശിഷ്യ മാപ്പാപ്പാ തിരുമനസ്സിലെ കുടുംബക്കാരായ ദെള്ളക്യേസാ പ്രഭുക്കളും സന്നിഹിതരായിരുന്നു. കിരീടധാരണകർമ്മം നടത്തപ്പെട്ടമ്പോൾ ആചരിക്കപ്പെട്ടന്ന ക്രമങ്ങളിൽവച്ചു പ്രത്യേകിച്ചു ഒരു ക്രമം സകലരുടേയും ശ്രദ്ധയെ ആകർഷിക്കത്തക്കതാണ്. അതെന്തെന്നാൽ ലോകത്തിൽ മനുഷ്യനു ലഭിപ്പാൻ പാടുള്ളതിൽ ഏറ്റവും മഹത്തായതും മിശിഹാ കർത്താവിന്റെ പ്രതിനിധ്യം വഹിക്കുന്നതുമായ പാപ്പാസ്ഥാനം കയ്യേൽക്കുന്നതിരുമേനിയുടെ മുമ്പാകെ ഒരു പുരോഹിതവര്യൻ മുട്ടുകുത്തിക്കൊണ്ടു ഒരു വെള്ളി പാത്രത്തിൽ നിന്നു കുറെ പഞ്ഞി എടുത്തു ഒരു വടിമേൽ പൊക്കി സകലരുടേയും മുമ്പാകെ കാട്ടിക്കൊണ്ടു അതിനെ കത്തിച്ചു കളകയും, "പരിശുദ്ധ പിതാവെ! ലോകത്തിന്റെ മഹിമ ഇതുപോലെ കടന്നു പോകുന്നു"; എന്നു ഉച്ചസ്വരത്തിൽ പാടുകയും ചെയ്യുന്നു. ലോകമായം ആഴമായി ബോധത്തിൽ പതിവാനായി ഈ ക്രമം മൂന്നു പ്രാവശ്യം നടത്തപ്പെടുന്നു. ഇതു ലോകമായത്തെ ത്യജിപ്പാൻ പഠിപ്പിക്കുന്നേ സത്യതിരുസഭയിൽമാത്രം കണ്ടെത്തപ്പെടുന്ന ഒരു സുതൂർഹമായ ക്രമമാണ്. വാഴ്ത്ത ഏറ്റയുടനെ തിരുമനസ്സുകൊണ്ടു അനേകായിരം 'ലീര' നാണയം ഭിക്ഷക്കാർക്കു ധർമ്മം കൊടുത്തു.

മാപ്പാപ്പാ തിരുമനസ്സിലെ അമ്മയായ (Edviga) എദ്വീഗ പ്രഭവി ജീവിച്ചിരിക്കുന്നു. ഈ ഭാഗ്യവതിക്കു ഇപ്പോൾ എണ്പതു വയസ്സോളമുണ്ട്. ജനോവ പട്ടണത്തിനടുത്തു വേല്ലി ഗ്രാമത്തിൽ മകളോടും മരുമകളോടുകൂടെ ഉച്ചഭക്ഷണത്തിനു ഇരിക്കയിലാണു മകൻ പാപ്പായായി തെരഞ്ഞെടുക്കപ്പെട്ടവെന്നുള്ള സന്തോഷകരമായ കമ്പി കൈപ്പറ്റിയതു്. 'കമ്പിവായിച്ചയുടനെ മനോവികാരമടക്കുവാൻ ശക്തിയില്ലാതെ കണ്ണുനീർ ചിന്തിക്കൊണ്ടിരുന്നു. സന്തോഷത്താൽ കണ്ണുനീർ ചൊരിഞ്ഞശേഷം കുടുംബക്കാർ ഇവരെ ആശ്വസിപ്പിച്ചു. അനന്തരം ദൈവത്തിനു ഉപകാരസ്മരണ ചെയ്യുന്നതിനായി പയോധിക ദേവാലയത്തിലേക്കു പോയി; പട്ടണക്കാരും പുറകെ എത്തി. ദൈവത്തിനു സ്തോത്രം ചെയ്തു. പള്ളിയിൽനിന്നു പിരിഞ്ഞശേഷം ഭിക്ഷക്കാർക്കു ൩൦൦൦ ലീര ധർമ്മംകൊടുത്തു. പിറെറദിവസം മകളോടും മരുമകളോടുംകൂടെ റോമായിക്കു പോകയും മാപ്പാപ്പായെ സന്ദർശിക്കയും ചെയ്തു.

കഴിഞ്ഞ മാസം ൧൯–ാംനു പുറപ്പെട്ട "ഒസ്സേർവത്തോരെ റോമാനൊ" എന്ന വർത്തമാനപത്രത്തിൽ നമ്മുടെ പരിശുദ്ധപിതാവിന്റെ ആദ്യ "എൻസിക്ലിക്ക്" തിരുവെഴുത്തു പ്രസിദ്ധീകരിച്ചു കാണുന്നു. ക്രിസ്തീയലോകം ഒട്ടുക്കു വേണ്ടി തിരുമനസ്സുകൊണ്ടു അയച്ചിരിക്കുന്ന ഈ തിരുവെഴുത്തിലെ താല്പര്യം, ഇപ്പോൾ രാജ്യങ്ങളെ നശിപ്പിച്ചുകൊണ്ടിരിക്കുന്ന ഭയങ്കരയുദ്ധം അവസാനിപ്പിക്കുന്നതിനു വേണ്ടി, യൂറോപ്പിലെ മഹാശക്തികൾ ഒരുമിച്ചുചേർന്നു ഒരു സന്ധിയാലോചന നടത്തണമെന്നാണ്. ജാതിസ്പർദ്ധയില്ലാതെ സഹോദരസ്നേഹം സർവ്വത്ര പാലിക്കേണമെന്നും, വിശ്വാസവും, ദൈവഭക്തിയും പുനർജ്ജീവിച്ചല്ലാതെ സമാധാനവും ശ്രേഷ്ഠതയും ഉണ്ടാകുന്നതല്ലെന്നും തിരുമനസ്സുകൊണ്ടു സകലരോടും ഉപദേശിക്കുന്നു.

നി. വ. ദിവ്യശ്രീ കുയ്യാളച്ചേരിൽ മെത്രാനച്ചനവർകളുടെ യൂറോപ്പിലെ പര്യടനത്തെ സംബന്ധിച്ചു ഒരു സംക്ഷിപ്ത വിവരണം ഞങ്ങൾ 'കുസുമ'ത്തിൽ പ്രസിദ്ധീകരിച്ചിരുന്നുവല്ലോ. ലൂർദ്ദിലെ വി. കന്യകയുടെ സന്നിധത്തിൽ സംബന്ധിച്ച ശേഷം, നമ്മുടെ മെത്രാനച്ചൻ മടങ്ങി പാരീസിൽ എത്തി താമസിക്കുന്ന സന്ദർഭത്തിലായിരുന്നു, ജർമ്മനിയുമായുള്ള യുദ്ധം അവിടെ വിളംബരം ചെയ്തതു്. അതോടുകൂടി ഗതാഗത സൌ

കയ്യുങ്കൽ സകലവും നശിച്ചു. എന്നു മാത്രമല്ല, വാഹനങ്ങൾ എല്ലാം പട്ടാളക്കാരെയും യുദ്ധസാമഗ്രികളെയും ഓരോ ദിക്കിലേക്കും കൊണ്ടുപോകുന്നതിനായും ഉപയോഗിച്ചു തുടങ്ങി. പ്രയുക്തജ്ഞകളല്ലാത്തവർക്ക് ആ ക്കെങ്കിലും അവിടെ താമസിക്കുകയോ സഞ്ചരിക്കുകയോ ചെയ്യുന്നതിനു പ്രത്യേകം പാസ് പോർട്ട് വേണമെന്നുള്ള നിബന്ധനയുമുണ്ടായി. തന്നിമിത്തം മെത്രാനച്ചനു പാരീസിൽ പത്തു ദിവസത്തേക്കാളും താമസിക്കേണ്ടിവന്നു. എന്നാൽ ഇതിൽവച്ചു യുദ്ധത്തിൽ ഉൾപ്പെട്ടിരിക്കുന്ന രാജ്യത്തിന്റെയും ജനങ്ങളുടെയും അതിദയനീയാവസ്ഥയെ നേരിട്ടു കാണുന്നതിനും ഗ്രഹിക്കുന്നതിനും സംഗതിയായി. ഏതെങ്കിലും ബ്രിട്ടിഷ് സ്ഥാനപതിയിൽ നിന്നും 'പാസ് പോർട്ട്' വാങ്ങി മെത്രാനച്ചൻ മാർസെയിൽസ് മാർഗ്ഗം ആഗസ്റ്റ് ക്ര—ാംനു- റോമായിൽ മടങ്ങിയെത്തി. അപ്പോൾ പത്താംപീയൂസു മാപ്പാപ്പാ തിരുമനസ്സുകൊണ്ടു രോഗസ്ഥിതിയിലായിരുന്നതിനാൽ അവിടത്തെ സന്ദർശിപ്പാൻ സാധിച്ചില്ല. തിരുമനസ്സിലെ നിര്യാണം, പുതിയ മാപ്പാപ്പായുടെ തെരഞ്ഞെടുപ്പു അവിടത്തെ ആദ്യമായുള്ള ആശിസ്സു എന്നിവക്കൊക്കെ നമ്മുടെ മെത്രാനച്ചനും ഉണ്ടായിരുന്നു. ഈ ഭാഗ്യം നാട്ടുകാരെ സംബന്ധിച്ചെടത്തോളം, ഇദംപ്രഥമമാണെന്നു പറയേണ്ടതില്ലല്ലോ. സെപ്റ്റംബർ ക്ര—ാംനു- പുതിയ മാപ്പാപ്പായുമായി കൂടിക്കാണുന്നതിനും അനുമതിക്കുവേണ്ടം സംസാരിക്കുന്നതിനും സാധിച്ചു. അനന്തരം സെപ്റ്റംബർ വ്യ—ാംനു- 'റോമാ' എന്ന കപ്പലിൽ മെത്രാനച്ചൻ ഇങ്ങോട്ടു പുറപ്പെട്ടു. മെത്രാനച്ചൻ മടങ്ങിയാതു പുറപ്പെട്ടിട്ടുണ്ടെന്നു കേട്ടപ്പോൾ ജനങ്ങൾക്കുണ്ടായ സന്തോഷാതിശയത്തെ, 'എംഡൻ' എന്ന ജർമ്മൻ വിക്രതിക്കപ്പലിനെ ഓർത്തിട്ടുണ്ടായ ഭയം ഗ്രസിച്ചു കളഞ്ഞു. എങ്കിലും യാതൊരു വിധ അപകടവും കൂടാതെ തന്നെ, ദൈവാനുഗ്രഹത്താൽ മെത്രാനച്ചൻ കയറിയിരുന്ന കപ്പൽ ഒക്ടോബർ വ്യ—ാംനു- ബോംബെ തുറമുഖത്തു വന്നടുത്തു. ഈ വർത്തമാനം ജനങ്ങളുടെയിടയിൽ എത്രമാത്രം സന്തോഷത്തെ ജനിപ്പിച്ചു എന്നു പറയാൻ പ്രയാസം. മെത്രാനച്ചനെ കഴിയുന്നതും കേമമായി എതിരേൽക്കണമെന്നു തന്റെ മിസ്സത്തിലുൾപ്പെട്ട എല്ലാ പള്ളിക്കാരും ജനങ്ങളും തീർച്ചയാക്കി. അതിലേയ്ക്കുള്ള ശ്രമവും ആരംഭിച്ചു. പുളിങ്കുന്നിൽ വച്ചു മെത്രാനച്ചനെ കേമമായി എതിരേറ്റു ആഘോഷാഡംബരങ്ങളോടുകൂടി ചങ്ങനാശേരി അരമനയിലേക്കു കൊണ്ടുപോകണമെന്നാണ് എല്ലാവരും കൂടി നിശ്ചയിച്ചതു്. മെത്രാനച്ചൻ ബോംബെയിൽ നിന്നും ക്ര—ാംനു- ചമ്പക്കുളത്തു പള്ളിയിൽ എത്തി. മാർഗ്ഗമദ്ധ്യേ ചില മംഗളപത്രസമർപ്പണങ്ങളും മറ്റും കൂടി ഉണ്ടാകുമെന്നറിയിരുന്നില്ല. പരസ്യമായ എതിരേൽപ്പു ദിവസം ഒക്ടോബർ ക്ര—ാംനു-യായിരുന്നു. അന്നു കൃത്യം മണി പത്തടിച്ചപ്പോൾ മെത്രാനച്ചൻ കയറിയിരുന്ന മോട്ടോർ ബോട്ട് ഏതാനും കുടിവള്ളങ്ങളുടെ അകമ്പടിയോടുകൂടി പുളിങ്കുന്നു പള്ളിക്കടവിൽ എത്തി. അവിടെ വച്ചു വിശുദ്ധ കുർബാനയുടെ ആശിസ്സു നടത്തിയശേഷം ചങ്ങനാശേരിയിലേക്കു യാത്രയാരംഭിച്ചു. ഈ ഘോഷയാത്ര എത്രമാത്രം ഹൃദയാകർഷകമായിരുന്നെന്നു പറഞ്ഞറിയിക്കാൻ പ്രയാസം. ക്ര മണിയോടുകൂടി ഈ യാത്ര ചങ്ങനാശേരിച്ചന്തക്കടവിലെത്തി. അവിടത്തെ നാനാവിധങ്ങളായ അലങ്കാരങ്ങളും മറ്റാഘോഷങ്ങളും ജനബാഹുല്യവും ഒക്കെ എഴുതിത്തുടങ്ങിയാൽ ഈ വിവരണം വളരെ ദീർഘിച്ചു പോകാനിടയുള്ളതിനാൽ അതിലേക്കു തുനിയുന്നില്ല. ചങ്ങനാശേരിച്ചന്തക്കടവിൽ പ്രത്യേകം കെട്ടി അലങ്കരിച്ചിരുന്ന ജെട്ടിയിൽ മെത്രാനച്ചൻ കയറിയിരുന്ന ബോട്ടു അടുത്തു. അവിടുന്നു ജെട്ടിയിൽ ഇറങ്ങി കൂടിയിരുന്ന ജനങ്ങളെയെല്ലാം പൈതൃകമായ വാത്സല്യത്തോടെ ആശീർവ്വദിച്ചു. തദനന്തരം വികാരി ജനറാൽ മൊൻസിഞ്ഞോർ സിറിയക് കണ്ടങ്കരി അവർകൾ അലംകൃതമായ ഒരു സിലി സമർപ്പിച്ചു മെത്രാനച്ചനെ സ്വീകരിക്കയാണുണ്ടായതു്. അനന്തരം പള്ളിയിലേക്കു പുറപ്പെട്ടു. ഹൃദയം കവിഞ്ഞു തുളുമ്പുന്നതായ ആനന്ദാതിശയത്താൽ മെത്രാനച്ചൻ കയറിയിരുന്ന വണ്ടി ആളുകൾ കൂടി വലിച്ചുകൊണ്ടു പോകയാണു ചെയ്തതു്. പള്ളിയുടെ മുൻഭാഗത്തായി അതിമനോഹരമാംവണ്ണം അലങ്കരിച്ചു തയ്യാറാക്കിയിരുന്ന ഒരു പുഷ്പമണ്ഡപത്തിൽ വച്ചു കത്തീഡ്റൽ പള്ളി വികാരി ബ. പി. കെ. അന്തോനിക്കുത്തനാരവർകൾ മനോഹരമായ ഒരു സിലി സമർപ്പിച്ചു മെത്രാനച്ചനെ സാദരം സ്വീകരിച്ചു. അനന്തരം പള്ളിയിൽ കയറി 'ലാക്കേ ആലാഫാ' എന്ന സ്തോത്രഗീതം പാടുകയും തന്റെ യാത്രാവിവരമടങ്ങിയ ഒരു പ്രസംഗം ചെയ്യുകയും മാപ്പാപ്പായുടെ ആശീർവ്വാദം നൽകുകയും ചെയ്തു.

REGISTERED No. M. 365

പഞ്ചാംഗം.

ഫൻക്രു നവംബർ — ഫൻൽ, തുലാം — വൃശ്ചികം.

ഇംഗ്ലീഷ്.		മലയാളം.	വിശേഷ ദിവസങ്ങൾ.		
മാസം.	തീയതി.	തീയതി.			
തുലാം	1	ഫന്ദ	ഞാ	✠ പന്ത. ഫ്രാം സകല ത്തു. ന. ക. പെ.	✠ വെ. 2
	2	ഫ	തി	സകല മരി. ന. ആ. ക. പെ.	ക. 2
	3	ഫ്വ	ചൊ	എം. ന. ആ. ക. പെ.	വെ. 2
	4	ഫൻ	ബു	വേ. വിങ്ങാ. ന. ആ. ക. പെ.	ചൂ. 2
	5	ഫാ	വ്യാ	† മെന. സ്ലീയാ. ന. ആ. ക. പെ.	വെ. 2
	6	ഫഫ	വെ	എം. ന. ആ. ക. പെ.	വെ. ☽2
	7	ഫഫ	ശ	എം. ന. ആ. ക. പെ.	വെ. 2
	8	ഫ്ര	ഞാ	✠ പന്ത. ഫ്രാം ആ.	പ. ☾
	9	ഫഴ	തി	ദി. രക്ഷ. പള്ളി. ക്രൂടാ. ന, ആ, കപെ.	വെ. ☾
	10	ഫ	ചൊ	വേ. ത്രോപ്പോ. ക്രൂട്ട. ന. ആ. ക. പെ.	ചൂ. ☾
	11	ഫന്ത	ബു	മെന. മത്തി. ന. ആ. ക. പെ.	വെ. ☾
	12	ഫ	വ്യാ	വേ. പാ. മത്തി. ന. ആ. ക. പെ.	ചൂ. ☾
	13	ഫ്വ	വെ	† മെന. സ്ലനി. ന. ആ. ക. പെ.	വെ. ☽
	14	ഫൻ	ശ	† മെന. കാർമ്മേ. (ഇന. ഴ) ന. ആ. ക. പെ.	വെ. ☾
	15	ന്ഠ	ഞാ	✠ പന്ത. ഫഴാം. ന. ക. ആ. (മെന. ന്നാം) ?	പ. ☾
	16	ഫ	തി	† ക. ജെർത്തു. (ഇന്നലെ) ന. ആ. ക. പെ.	വെ. ☾
●	17	ഫ	ചൊ	മെന. പ്രത്യ. ഗ്രിഗോ. ന. ആ. ക. പെ.	വെ. ☾
	18	ന്ത	ബു	പത്രൊ. പൌ. പള്ളിക്കു. ന. ക. ആ. പെ.	വെ. ☾
	19	ഴ	വ്യാ	വേ. പൊന്തീ. ന. ആ. ക. പെ.	ചൂ. ☾
	20	ഴ	വെ	† മെന. ഥേലി. ന. ആ. ക. പെ.	ചൂ. ☾
	21	ന്ത	ശ	ക. മ. ന. ആ. ക. പെ.	വെ. ☾
വൃശ്ചികം	22	ഠ	ഞാ	✠ പന്ത. ഫ്ര. ന. ക. ആ. (പന്ത. ഫഴ) ☌	പ. 2
	23	ഫ്വ	തി	വേ. ക്ലേമ. ന ആ. ക. പെ,	ചൂ. 2
	24	ൻ	ചൊ	മെന. യോഹ. ക്രൂസ്. ന. ആ. ക. പെ.	വെ. 2
	25	ഫാ	ബു	വേ. കത്രീനാ. ന. ആ. ക. പെ.	ചൂ. 2
	26	ഫഫ	വ്യാ	വേ. പത്രൊ. അല. ന. ആ. ക. പെ.	ചൂ. 2
	27	ഫഫ	വെ	വേ. ചിച്ചിലി. (ഇന. ഫഫ) ന. ആ. ക. പെ.	ചൂ. ☽2
	28	ഫ്ര	ശ	വേ. ക്രോസോഗ. (ഇന. ഫഴ) ന. ആ. ക. പെ.	ചൂ. 2
	29	ഫഴ	ഞാ	✠ ആഗമനം ഫാം. ന. ക. ആ.	☾ റോ. ☾
	30	ഫന്ത	തി	(✠) അന്ത്ര. ഗ്ലീ. ന. ആ. ക. പെ. (ഇന്ന നോമ്പു തു.)	ചൂ. ☾

✠ ഈ അടയാളം എല്ലാവക്കും കടമുള്ള ദിവസം. (✠) കൂടം നീക്കപ്പെട്ട ദിവസം.
* ഇറച്ചിവിലക്കുള്ള ദിവസം. † പുതുതായി ചേക്കപ്പെട്ട തിരുനാളുകൾ.

Printed and Published for the Proprietor, by A. P. Mani at St. Joseph's Press, Mannanam.